166

# ജനനീതി

ഫെബ്രുവരി 2011

3.00 ക.



ജഡ്ജിമാരുടെ അഴിമതിയെ
നേരിടുന്ന പ്രശാന്ത് ഭൂഷൺ

# കണ്ണബീരൻ നിര്യാതനായി

പ്രഗത്ഭ പൗരാവകാശ പ്രവർത്തകനും പ്രമുഖ അഭിഭാഷകനുമായ കെ.ജി. കണ്ണബീരൻ (81) ഹൈദരാബാദിൽ നിര്യാതനായി. കുറച്ചു ദിവസമായി അദ്ദേഹം സുഖമില്ലാതെ കിടപ്പിലായിരുന്നു. കണ്ണബീരന്റെ ഭാര്യയും രണ്ടു പുത്രിമാരും ഒരു പുത്രനും ജീവിച്ചിരിപ്പുണ്ട്.

1929 ൽ ജനിച്ച കണ്ണബീരൻ മദ്രാസ് സർവ്വകലാശാലയിൽനിന്നാണ് നിയമബിരുദം നേടിയത്. പിന്നീടദ്ദേഹം 1961 ൽ ഹൈദരാബാദിൽ പ്രാക്ടീസാരംഭിച്ചു. വേഗംതന്നെ ഭരണകൂടത്തിന്റെ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരായ കേസുകളിൽ രാഷ്ട്രീയക്കാരുടെ ഭാഗം വാദിച്ചു തുടങ്ങി. അങ്ങനെ അദ്ദേഹം പൗരാവകാശ പ്രവർത്തകനും മനുഷ്യാവകാശ വാദിയുമായി വിഖ്യാതനായി. 1978 മുതൽ 1994 വരെ അദ്ദേഹം ആന്ധ്ര പൗരാവകാശ കമ്മിറ്റിയുടെ പ്രസിഡണ്ടായിരുന്നു. പിന്നീടദ്ദേഹം ദേശീയ പൗരാവകാശ യൂണിയന്റെ (PUCL) അഖിലേന്ത്യ അധ്യക്ഷനായി.

എന്നും ഇടതുപക്ഷ അനുഭാവിയായിരുന്ന കണ്ണബീരൻ കമ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്-ലെനനിസ്റ്റ്)യും ഗവർമ്മേണ്ടും തമ്മിൽ ചർച്ച നടത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഇപ്പോഴത്തെ മാവോയിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യത്തെ രൂപമായിരുന്നു ഈ കമ്യൂണിസ്റ്റ് പാർട്ടി.

ഭരണകൂടവും കമ്യൂണിസ്റ്റ് തീവ്രവാദികളും തമ്മിലുള്ള ഇടപാടുകൾ സ്തംഭനാവസ്ഥയിലാകുമ്പോഴെല്ലാം കണ്ണബീരൻ മധ്യസ്ഥത വഹിച്ചിരുന്നു. 1987 ൽ ഈസ്റ്റ് ഗോദാവരി ജില്ലയിൽപീപ്പിൾസ് വാർ ഗ്രൂപ്പുകാർ ചില ഐ. എ. എസ്സു കാരടക്കം ഏഴുപേരെ ബന്ദികളാക്കിയപ്പോൾ അവരുടെ മോചനത്തിന്ന് മുന്നിട്ട് പ്രവർത്തിച്ചതും കണ്ണബീരനാണ്. അതുപോലെ മുൻ കേന്ദ്രമന്ത്രി ശിവശങ്കറിന്റെ പുത്രനും എം. എൽ.എ. യുമായ സുധീർകുമാറിനെ തീവ്രവാദികൾ ബന്ദിയാക്കിയപ്പോൾ അദ്ദേഹത്തിന്റെ മോചനത്തിന്ന് സർക്കാർ കണ്ണബീരന്റെ സഹായമാണ് തേടിയത്. അതുപോലെ 1993 ൽ ബാലരാജു എന്ന കോൺഗ്രസ്സ് എം. എൽ.എ. യും ഒരു ഐ. എ. എസ്. ഓഫീസറുമടക്കം എട്ടുപേർ ബന്ദികളാക്കപ്പെട്ടപ്പോഴും സർക്കാർ കണ്ണബീരാന്റെ മധ്യസ്ഥത സ്വീകരിച്ചു.



കെ.ജി. കണ്ണബീരൻ

ഈയിടെ ഗുജറാത്തിൽ വർഗ്ഗീയ കൂട്ടക്കൊല നടന്നപ്പോൾ അതിനെപ്പറ്റി അന്വേഷിച്ച ജനകീയ കമ്മിറ്റിയിൽ കണ്ണബീരൻ അംഗമായിരുന്നു. മധ്യപ്രദേശിൽ ശങ്കർ ഗുഹ നിയോഗിയെ മുതലാളിമാരുടെ കിങ്കരന്മാർ വധിച്ച കേസിൽ സി. ബി. എ. ക്കുവേണ്ടി കോടതിയിൽ ഹാജരായതും കണ്ണബീരനായിരുന്നു. ❑



ജനനീതി

ഫെബ്രുവരി 2011
**166**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

## ജഡ്ജിയെ വിരട്ടിയ ഈ രാജാ ആരാണ്? ഇയാൾക്ക് കൊമ്പുണ്ടോ?

ഈയിടെ കേന്ദ്രമന്ത്രിസഭയിൽനിന്നും രാജിവച്ച ടെലികമ്യൂണിക്കേഷൻ മന്ത്രി രാജയെക്കുറിച്ച് പുതിയൊരു കേസ് പുറത്തുവരികയുണ്ടായി. മദ്രാസ് ഹൈക്കോടതിയിലെ ജ. രഘുപതി എന്ന ജഡ്ജിയെ ഈ രാജ വിരട്ടാൻ ശ്രമിച്ചുവെന്നാണ് കേസ്. ഏതോ ക്രിമിനൽ കേസിൽ പെട്ട രണ്ടു പ്രതികൾക്ക് ജാമ്യം അനുവദിക്കണം എന്നതായിരുന്നു രാജായുടെ ആവശ്യമെന്നു പറയുന്നു. മദ്രാസ് ഹൈക്കോടതിയിലെ ഒരു വമ്പൻ വക്കീലായിരുന്നു ഇടനിലക്കാരൻ. ഈ ഇടനിലക്കാരൻ ജ. രഘുപതിയുടെ ചേമ്പറിൽ കയറിച്ചെന്ന് കേന്ദ്രമന്ത്രി രാജാ വിളിക്കുന്നുവെന്നു പറഞ്ഞ് തന്റെ മൊബൈൽ ജഡ്ജിയുടെ നേർക്ക് നീട്ടി. ഭാഗ്യംകൊണ്ട് ജഡ്ജി അതു സ്വീകരിച്ചില്ല. മാത്രമല്ല, ചേമ്പറിലുണ്ടായ സംഭവങ്ങൾ വിശദീകരിച്ചുകൊണ്ട് അദ്ദേഹം ചീഫ് ജസ്റ്റീസിന്ന് ഒരു കത്തു നൽകുകയും ഈ ജാമ്യക്കേസ് വേറെ ഏതെങ്കിലും ജഡ്ജിക്ക് വിടണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

അപ്പോൾ ഒരു സംശയം. ആരാണീ രാജാ? ജഡ്ജിമാരെപ്പോലും വിരട്ടാൻ കഴിവുള്ള ഇയാൾ ആരാണ്? ഇയാൾക്ക് കൊമ്പുണ്ടോ? കേട്ടിടത്തോളം വച്ചു പറഞ്ഞാൽ ഇയാൾ വെറുമൊരു വക്കീൽ മാത്രമാണ്. ഒ. ചന്തുമേനോന്റെ ഭാഷയിൽ പറഞ്ഞാൽ വെറുമൊരു പാറവക്കീൽ. ഇയാൾക്ക് ആകെയുള്ള ഒരു കൊമ്പ്, ഇയാൾ ഡി.എം.കെ. കാരനാണ് എന്നതാണ്. തമിഴ്നാട്ടിൽ ഡി.എം.കെ. എന്നു പറഞ്ഞാൽ കരുണാനിധിയാണ്. കരുണാനിധി പറഞ്ഞതനുസരിച്ച് പ്രവർത്തിക്കാനേ ആ പാർട്ടിയിലുള്ള ആർക്കും കഴിയൂ.

കരുണാനിധി തന്റെ മൂന്നു മക്കളേയും അധികാരത്തിന്റെ മേച്ചിൽപുറങ്ങളിലെത്തിച്ചിട്ടുണ്ട്. മൂത്തമകനായ സ്റ്റാലിൻ തമിഴ്നാട്ടിലെ ഡെപ്യൂട്ടി മുഖ്യമന്ത്രിയാണ്. മന്ത്രിസഭ ഏതായാലും ശരി, പൊതുഭരണവകുപ്പ് മുഖ്യമന്ത്രിയുടെ കീഴിലായിരിക്കും. പൊതു ഭരണവകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്ക് ഏതു വകുപ്പിലും ഇടപെടാം. ആരോഗ്യവകുപ്പിൽ നിന്നോ മരാമത്തു വകുപ്പിൽനിന്നോ വിദ്യാഭ്യാസ വകുപ്പിൽനിന്നോ എന്നില്ല, ഏതു വകുപ്പിൽനിന്നുള്ള ഫയലും വിളിച്ചുവരുത്തി പരിശോധിക്കാനും വേണ്ട നിർദ്ദേശങ്ങൾ നൽകാനും പൊതു ഭരണവകുപ്പ് കൈകാര്യം ചെയ്യുന്ന ആൾക്ക് കഴിയും. അതുകൊണ്ടു തന്നെ മുഖ്യമന്ത്രിയോ പ്രധാനമന്ത്രിയോ കൈകാര്യം ചെയ്യുന്ന വകുപ്പാണത്. തമിഴ്നാട്ടിൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത് ഡെപ്യൂട്ടി മുഖ്യമന്ത്രി എന്ന പദവിയുള്ള സ്റ്റാലിനാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സ്റ്റാലിൻ ഫലത്തിൽ മുഖ്യമന്ത്രിയാണ്.

ഒരവസരത്തിൽ കരുണാനിധിയുടെ പുത്രന്മാർ തമ്മിലുള്ള വഴക്ക് പൊതു സമാധാനത്തെ ബാധിക്കുമെന്ന ഘട്ടംവരെ എത്തി. അന്ന് കരുണാനിധി ഇടപെട്ട് അധികാരം പങ്കുവച്ചു. സ്റ്റാലിനെ കരുണാനിധി തന്റെ കൂടെ നിർത്തിയപ്പോൾ അഴഗിരിയെ മധുര ആസ്ഥാനമായുള്ള തെക്കൻ തമിഴ്നാടിന്റെ ചുമതല ഏല്പിച്ചു. വേണ്ടത്ര പക്വതയോ വിദ്യാഭ്യാസമോ ഇല്ലാത്ത അഴഗിരി തെക്കൻ തമിഴ്നാടിനെ അടക്കി ഭരിച്ചുവരികയായിരുന്നു. അധ്യാത്മ രാമായണത്തിൽ വിശ്വാമിത്രൻ താടകയുടെ പരാക്രമങ്ങളെപ്പറ്റി ശ്രീരാമനോട് പറയുന്ന ഒരു ഭാഗമുണ്ട്. "അവളെ പേടിച്ചാരും നേർവഴി നടപ്പീലാ" എന്ന്. അതുപോലെ അഴഗിരിയെ പേടിച്ച് അധികമാരും തെക്കൻ തമിഴ്നാട്ടിൽ ഇടപെടാൻ പോകാറില്ല. ഈയിടെ അദ്ദേഹം കേന്ദ്ര മന്ത്രിസഭയിൽ അംഗമായിത്തീർന്നു. അതുപോലെ കരുണാനിധിയുടെ മകൾ കനിമൊഴിയും അധികാര വൃത്തങ്ങളിൽ ചുറ്റിക്കറങ്ങുന്ന ആളാണ്.

മറ്റുള്ളവരുടെ സ്ഥിതി മഹാകഷ്ടമാണ്. കരുണാനിധിയുടെ ഇഷ്ടാനിഷ്ടങ്ങളാണ് എല്ലാറ്റിന്നു ആധാരം. മാരന്മാർ കരുണാനിധിയുടെ ഉറ്റ ബന്ധുക്കളാണ്. കരുണാനിധിക്ക് അഹിതകരമായി പെരുമാറിയതോടെ എല്ലാറ്റിനേയും കൈക്കില കൂടാതെ എടുത്തു പുറത്തിട്ടു. കഴിഞ്ഞ മന്ത്രിസഭാ രൂപീകരണ കാലത്ത് കരുണാനിധി കളിച്ച കളി പലരും ഓർക്കുന്നുണ്ടാകും. ഷിപ്പിങ് മന്ത്രികാര്യാലയം ഡി.എം.കെ. ക്ക് കിട്ടണമെന്ന് ഡി.എം.കെ. ശഠിച്ചു. പ്രധാനമന്ത്രി അതു മറ്റൊരു മന്ത്രിക്ക് വകയിരുത്തിയതായിരുന്നു. പക്ഷെ ഡി.എം.കെ. യുടെ ശാഠ്യത്തിന്ന് വഴങ്ങാതെ വയ്യെന്നുവന്നു. കാരണം ഇടതുമുന്നണിയുമായുള്ള ബന്ധം ആദ്യമേ ഛേദിച്ചിരുന്നതിനാൽ പ്രധാനമന്ത്രിക്ക് അധികാരത്തിൽ തുടരണമെങ്കിൽ ഡി. എം. കെ. യെ ആശ്രയിക്കുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഷിപ്പിങ് വകുപ്പ് കിട്ടാത്തപക്ഷം തങ്ങളുടെ പിന്തുണയുണ്ടാവില്ലെന്ന് ഡി.എം.കെ. വ്യക്തമാക്കിയപ്പോൾ പ്രധാനമന്ത്രിക്ക് വഴങ്ങുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ.

എന്താണീ ഷിപ്പിങ് വകുപ്പിന്റെ പ്രത്യേകത? ഇന്ത്യക്കും ശ്രീലങ്കക്കും ഇടയിൽ ഒരു കപ്പൽ ചാൽ നിർമ്മിക്കണമെന്നത് ഡി.എം.കെ. യുടെ വാശിയായിരുന്നു. വളരെ പഴക്കമുള്ളൊരു പദ്ധതിയാണിത്. ഇത് പ്രായോഗികമല്ലെന്നുകണ്ട് എല്ലാവരും കയ്യൊഴിച്ച പദ്ധതിയുമാണിത്. പക്ഷെ തെക്കൻ തമിഴ്നാട്ടിലെ തൂത്തുക്കുടി തുറമുഖം ലാഭകരമാകണമെങ്കിൽ ഈ കപ്പൽചാൽ വേണമെന്ന് ഡി.എം.കെ. കരുതുന്നു. ഇപ്പോൾ മുംബായിൽനിന്നും കൊച്ചിയിൽനിന്നും മറ്റുമുള്ള കപ്പലുകൾ ശ്രീലങ്കയെ ചുറ്റിയാണ് മദ്രാസ് തുറമുഖത്തെത്തുന്നത്. ഈ കപ്പൽ ചാൽ വന്നാൽ കപ്പലുകൾക്ക് തൂത്തുക്കുടി വഴി നേരിട്ട് മദ്രാസ് തുറമുഖത്തെത്താം.

പക്ഷെ ഇതിന്നു ചില തടസ്സങ്ങളുണ്ട്. ഐക്യരാഷ്ട്ര സമിതി കണ്ടെത്തിയ അഞ്ചു സമുദ്ര ജൈവ പാർക്കുകളിൽ ഒന്ന് മാന്നാർ ഉൾക്കടലാണ്. ഈ വഴിക്ക് കപ്പൽ ഗതാഗതം അനുവദിനീയമല്ല. രണ്ടാമതായി അന്നു തമിഴ്നാട്ടിലുണ്ടായിരുന്ന ജയലളിതാ ഗവർമ്മേണ്ട് ഈ കപ്പൽ ചാലിന്നെതിരായിരുന്നു. കാരണം ആയിരക്കണക്കിന്ന് മീൻപിടുത്തക്കാരുടെ ഉപജീവനമാർഗ്ഗം മുട്ടിക്കുന്ന ഒന്നാണിത്. മൂന്നാമത് പാരിസ്ഥിതിക അവലോകന റിപ്പോർട്ട് ഈ പദ്ധതിക്കെതിരായിരുന്നു. ഇത്തരം തടസ്സങ്ങളെല്ലാം തട്ടിമാറ്റി കാര്യം നടത്താൻ ഷിപ്പിങ് കാര്യാലയം ഡി.എം.കെ.ക്ക് കിട്ടമമെന്ന് അവർ ശഠിച്ചു. ശഠിക്കുക മാത്രമല്ല, ഈ പദ്ധതി നടപ്പാക്കാൻ ഒരു കമ്പനി രൂപീകരിക്കുന്നതിന്നും അതിന്നുവേണ്ട പണം അനുവദിക്കുന്നതിന്നും പ്രധാനമന്ത്രി നിർബ്ബദ്ധനായി. അധികാരം നിലനിർത്താൻ എന്തെല്ലാം ചെയ്യേണ്ടിവരുമെന്നതിന്റെ ഒരു ഉദാഹരണംകൂടിയാണിത്. മന്ത്രി രാജ നടത്തിവന്നിരുന്ന കച്ചവടം പ്രധാനമന്ത്രി അറിഞ്ഞിരുന്നു. അരുതെന്നു പറയുകയുമുണ്ടായി. പക്ഷെ അധികാരം നിലനിർത്താൻ ഒടുവിൽ മൗനം പാലിക്കേണ്ടി വന്നു. ഇതല്ലാതെ രാജാക്ക് കൊമ്പൊന്നുമുണ്ടായിട്ടല്ല. ആദർശനിഷ്ഠയില്ലാതെ മുന്നണി മന്ത്രിസഭകൾ തട്ടിക്കൂട്ടുന്നതിന്റെ കെടുതികളിലൊന്നാണിത്.

ഇടതുമുന്നണിയുമായുള്ള കൂട്ടുകെട്ട് കോൺഗ്രസ്സിന്നോ നാടിന്നോ ദോഷമൊന്നും ഉണ്ടാക്കിയില്ല. വിവരാവകാശ നിയമം, കുട്ടികളുടെ വിദ്യാഭ്യാസാവകാശം, തൊഴിൽ രഹിതർക്ക് 100 ദിവസത്തെ തൊഴിൽ തുടങ്ങിയ സദ്ഫലങ്ങളുളവാക്കിയ ഒരു കൂട്ടുകെട്ടായിരുന്നു അത്. മൻമോഹൻ സിങ് ആഗ്രഹിച്ചതുപോലെ അമേരിക്കയുമായി അണുകരാർ ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്ന ഒറ്റ ദോഷം മാത്രമേ ആ കൂട്ടുകെട്ടിന്നു ചൂണ്ടിക്കാണിക്കാവുന്നതായിട്ടുണ്ടായിരുന്നുള്ളൂ. കരുണാനിധിക്കും ഡി.എം.കെ. ക്കും അത്തരം ശാഠ്യങ്ങളൊന്നുംമില്ല. തന്റേയും മക്കളുടേയും അനുയായികളുടേയും കാര്യങ്ങൾ നടക്കുമെങ്കിൽ ഏതു ചെകുത്താനായും കൂട്ടുകൂടുന്നതിൽ കരുണാനിധിക്കൊരു വിരോധവുമില്ല. രാജയുടെ കേസ് ഇത്രയേറെ നീറിപ്പിടിച്ചിട്ടും അതിനെപ്പറ്റി ഒരക്ഷരം മിണ്ടാത്ത മൂന്നുപേരാണ് ഇന്ത്യയിൽ കാര്യമായിട്ടുള്ളത് - കരുണാനിധിയും മൻമോഹൻസിങ്ങും സോണിയാ ഗാന്ധിയും.

ഏതായാലും ഈ രാജാ സംഭവം ഇന്ത്യൻ രാഷ്ട്രീയത്തിലെ അടിയൊഴുക്കുകളെല്ലാം വ്യക്തമാക്കി. വ്യവസായ പ്രമുഖരും അവരുടെ ദല്ലാൾമാരും രാഷ്ട്രീയക്കാരും പത്രക്കാരും ന്യായാധിപന്മാരുമെല്ലാം ഇതിലെ നടീനടന്മാരാണ്. പാവം ജനങ്ങൾ കാഴ്ചക്കാരും. റഷ്യയിൽ യട്സിൻ അവതരിപ്പിച്ച അതേ നാടകം തന്നെയാണ് ഇന്ന് ഇന്ത്യയിൽ മൻമോഹൻസിങ്ങും അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. റഷ്യക്കാരുടെ ഭാഗ്യത്തിന്ന് അവിടെ ഒരു പുടിൻ അവതരിച്ചു. ഇന്ത്യയിൽ അതിന്നുള്ള സാഹചര്യമൊന്നും കാണുന്നില്ല. ❏

# ഭീകരമായ ഇന്ത്യൻ നീതിന്യായ സംവിധാനം

**- വിനയ സീതാപതി -**

**പ**ൗരസ്വാതന്ത്ര്യ പ്രവർത്തകനായ ഡോ. വിനായക് സെന്നിനെ അറസ്റ്റ് ചെയ്ത് 1320 ദിവസങ്ങൾക്കു ശേഷം രാജ്യദ്രോഹ കുറ്റത്തിന്ന് ജീവപര്യന്തം തടവിന്നു ശിക്ഷിച്ചുകൊണ്ട് ഛത്തീസ്ഗഡിലെ റായപ്പൂർ സെഷൻസ് കോടതി വിധി പ്രഖ്യാപിച്ചിരിക്കുന്നു. മധ്യേന്ത്യയിലെ മാവോയിസ്റ്റ് മേഖലകളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച ബുദ്ധിജീവി എന്നതാണ് ഡോ. സെന്നിന്നെതിരെ ആരോപിതമായിരിക്കുന്ന കുറ്റം! നേരെ മറിച്ച് ഡോ. സെൻ മഹാനായ ഒരു മനുഷ്യ സ്നേഹിയായി വാഴ്ത്തപ്പെടുന്നുമുണ്ട്. ആരോപണ പ്രത്യാരോപണങ്ങൾ എന്തെല്ലാമായാലും ശരി, ഒരു കോടതിയിൽ പരിഗണിക്കപ്പെടേണ്ടത് നിയമപരമായ വശമാണ്.

ഇവിടെ നിയമപരമായി മൂന്നു പ്രശ്നങ്ങൾ ഉയർന്നുവരുന്നു. (1). ഡോ. സെന്നിനെ ശിക്ഷിക്കാൻ മതിയായ കാരണങ്ങൾ കോടതിമുമ്പാകെയുണ്ടോ? (2). ഡോ. സെന്നിന്നെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ നീതിപൂർവ്വമായവയാണോ? (3) ഡോ. സെന്നിന്നെതിരെ ഉന്നയിച്ചിരിക്കുന്ന കുറ്റങ്ങൾ ജീവപര്യന്തം തടവുശിക്ഷ നൽകാവുന്നവയാണോ?

ഒരൊറ്റ സംഭവത്തെ മുൻനിർത്തിയുള്ളതാണ് ഡോ. സെന്നിന്നെതിരായ തെളിവ്. ജയിലിലിലടക്കപ്പെട്ട നാരായൺ സന്യാൽ എന്ന നക്ഷൽ നേതാവിനെ അദ്ദേഹം 33 തവണ സന്ദർശിച്ചുവെന്നും സന്യാലിൽനിന്നുള്ള കത്ത് ഒരു നക്ഷൽ നേതാവായ പിയുഷ് ഗുഹക്ക് കൈമാറിയെന്നുമുള്ളതാണ് കേസ്. ഡോ. സെൻ സന്യാലിനെ സന്ദർശിച്ചത് റായിപ്പൂർ സെൻ്ററൽ ജയിലിൽ വച്ചാണ്. അത് ഛത്തീസ്ഗഡ് പോലീസിൻ്റെ അനുമതിയോടെയായിരുന്നു. അപ്പോഴൊന്നും കത്തുകൾ കൈമാറിയിട്ടില്ലെന്ന് ജയിൽ സൂപ്രണ്ട് മൊഴി നൽകിയിട്ടുണ്ട്. മറുഭാഗത്ത് ഗുഹയെ മജിസ്ട്രേട്ട് മുമ്പാകെ ഹാജരാക്കിയപ്പോൾ ഡോ. സെൻ കത്തു തന്നതായി പറഞ്ഞിട്ടുമില്ല. പോലീസ് കസ്റ്റഡിയിൽ വച്ച് ഗുഹ അങ്ങനെ പറഞ്ഞുവെന്നാണ് കേസ്. പക്ഷെ നിയമപരമായി അത് സാധുവല്ല. പോലീസ് കസ്റ്റഡിയിൽ വച്ചുള്ള എല്ലാ കുറ്റസമ്മതങ്ങളും ഭേദ്യമുറകളിലൂടെ സമ്പാദിച്ചതാണെന്നാണ് നിയമം.

ഡോ. സെന്നിന്നെതിരെ ഉപയോഗിച്ച നിയമത്തിൻ്റെ സാധുതയാണ് രണ്ടാമത്തെ പ്രശ്നം. പണ്ട് മഹാത്മജിക്കെതിരായും ഉപയോഗിച്ചിട്ടുള്ള ഒരു കൊളോണിയൽ നിയമമാണിത്. മുമ്പ് കേദാർനാഥും ബീഹാർ ഗവർമ്മേണ്ടും തമ്മിലുള്ള ഒരു കേസിൽ (1992) സുപ്രീം കോടതി രാജ്യദ്രോഹമെന്നതിന്ന് പരിമിതമായ ഒരർത്ഥം കൽപ്പിച്ചിട്ടുണ്ട്. ഹിംസയിലൂടെ പൊതു സമാധാനം തകർക്കുക എന്നതാണത്. ഡോ. സെന്നിന്നെതിരെ ആരോപിതമായിരിക്കുന്നത് നക്ഷലുകളുടെ സന്ദേശവാഹകൻ എന്നതുമാത്രമാണ്. ഇതെങ്ങനെ രാജ്യദ്രോഹം എന്നതിൻ്റെ നിർവ്വചനത്തിൽപ്പെടും.

ഇതിന്നു പുരമേ വേറേയും പല കുറ്റങ്ങളും ഡോ. സെന്നിൻ്റെ പേരിൽ ആരോപിതമായിട്ടുണ്ട്. അതെല്ലാം ഛത്തീസ്ഗഡ് സുരക്ഷാനിയമ പ്രകാരമുള്ളവയാണ്. വാസ്തവത്തിൽ ഒരാൾ എന്തു ചെയ്താലും അതെല്ലാം ഈ നിയമപ്രകാരം രാജ്യദ്രോഹമാകും. ഒരു യോഗത്തിൽ പങ്കെടുത്താലും നക്ഷലാണെന്ന് കരുതപ്പെടുന്ന ഒരാൾ വീട്ടിൽ വന്നാലും എന്തെങ്കിലും ഒരു സാധനം വിറ്റത് ഒരു നക്ഷലിനായാലും നിങ്ങൾ ചെയ്തത് രാജ്യദ്രോഹമാകും. ഇത് എത്രമാത്രം ഗുരുതരമാണെന്ന് ചിന്തിച്ചാലെ മനസ്സിലാകൂ. ഛത്തീസ്ഗഡിലെ 18 ജില്ലകളിൽ പകുതിയും മാവോയിസ്റ്റ് ബാധിതമാണ്. ജനങ്ങളുടെ പിന്തുണ കൂടാതെ ഇത്രയേറെ മാവോയിസ്റ്റുകൾക്ക് നിലനിൽക്കാനാവില്ല.

അവസാന പരിഗണനയിൽ വരുന്നത് ഡോ. സെന്നിന്നു വിധിച്ചിരിക്കുന്ന ശിക്ഷയാണ്. രാജ്യദ്രോഹത്തിന്ന് നടത്തിയ ഗൂഢാലോചനയിൽ പങ്കാളിയായി എന്നതാണ് ആരോപണം. ജഡ്ജി വർമ്മയുടെ വിധിന്യായം ഹിന്ദിയിലാണ്. അർദ്ധ സൈനിക വിഭാഗങ്ങളിൽ പെട്ടവരേയും നിർദ്ദോഷികളായ ആദിവാസികളേയും കൊല്ലുന്ന മാവോയിസ്റ്റുകളുടെ രീതിയെപ്പറ്റിയാണ് അതിൽ പറയുന്നത്. ഒരു ഘാതകനും ഒരു സന്ദേശ വാഹകനും തമ്മിൽ തീർച്ചയായും വ്യത്യാസമുണ്ട്. പോലീസ് പറയുന്നതുപോലെ ഡോ. സെൻ സന്ദേശ വാഹകനായാൽ പോലും, അത് ഹിംസയല്ല.

ഏതായാലും റായിപ്പൂർ സെഷൻസ് കോടതിയുടെ വിധി ഒരു ക്വാർട്ടർ ഫൈനൽ മാത്രമാണ്. ഇന്ത്യൻ നിയമപ്രകാരം ഡോ. സെന്നിന്ന് അപ്പീൽ സമർപ്പിക്കാൻ അവകാശമുണ്ട്. അതിനപ്പുറം സുപ്രീം കോടതിയുമുണ്ട്. അതിന്നുമപ്പുറം ഡോ. സെന്നിന്നെതിരായി ആരോപിതമായിരിക്കുന്ന കുറ്റവും അതിന്നു വിധിച്ച ശിക്ഷയുടെ അജഗജാന്തരവും നോക്കുമ്പോൾ ഈ വിധിക്കെതിരായി വമ്പിച്ച പ്രതിഷേധമുണ്ടാകാനിടയുണ്ട്. ഇതിന്നകം ആംനസ്റ്റി ഇൻ്റർ നാഷനൽ തന്നെ ഈ വിധിയെ വിമർശിച്ചു കഴിഞ്ഞു.

ഇതുപോലെ ഒരു സംഭവം 2009 ൽ ചീനയിലുമുണ്ടായി. ഭരണകൂടത്തെ അഹിംസാത്മകമായി വിമർശിച്ചതിന്ന് ലിയു സായാവോബോവിനെ ദീർഘകാലത്തെ തടവിന്നു ശിക്ഷിച്ചു. സമാധാനത്തിന്നുള്ള നോബർ സമ്മാനം നൽകിയാണ് ലോകം അതിന്നെതിരെ പ്രതികരിച്ചത്. ❑

# ഒരു സോഷ്യലിസ്റ്റിൻ്റെ അന്തർധാനം

**- ഗാർഹി പാഴ്സായ് -**

**പ്ര**സിദ്ധ സോഷ്യലിസ്റ്റ് ചിന്തകനായ സുരേന്ദ്ര മോഹൻ (84) ഡിസംബർ 17ന്ന് നിര്യാതനായി. ഉറക്കത്തിലുണ്ടായ ഹൃദ്രോഗമായിരുന്നു മരണകാരണം. പ്രസിദ്ധ സാമൂഹ്യ പ്രവർത്തകയായ മഞ്ജുമോഹൻ പത്നിയാണ്. ഇവർക്ക് ഒരു മകനും മകളുമുണ്ട്.

ഇന്ത്യക്ക് ഒരു യഥാർത്ഥ സോഷ്യലിസ്റ്റിനെ നഷ്ടപ്പെട്ടു എന്നാണ് സുരേന്ദ്ര മോഹൻ്റെ ദീർഘകാല സുഹൃത്തായ മോഹൻസിങ് പറഞ്ഞത്. പഴയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻ്റെ അവശേഷിക്കുന്ന കണ്ണിയായിരുന്നു സുരേന്ദ്ര മോഹൻ. സുരേന്ദ്ര മോഹൻ്റെ കൃതികളും ലേഖനങ്ങളും യുവതലമുറക്കൊരു പ്രചോദനമായിരുന്നു.



സുരേന്ദ്ര മോഹൻ

വാക്കിൽ മാത്രമല്ല ജീവിതത്തിലും അദ്ദേഹം തികഞ്ഞ സോഷ്യലിസ്റ്റായിരുന്നു. അത്യുന്നത തലങ്ങളിൽ വിഹരിക്കുന്ന ഒരു നേതാവായിരുന്നിട്ടും സുരേന്ദ്ര മോഹൻ യാതൊന്നും സമ്പാദിച്ചിട്ടില്ല. വ്യക്തിപരമായ ത്യാഗങ്ങൾ മാത്രമല്ല അതിലളിതമായ ജീവിതരീതിയും സുരേന്ദ്ര മോഹന്റെ പ്രത്യേകതയാണ്. സാധാരണക്കാരിലൊരാളായി ജീവിച്ച അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പ്രചോദനാത്മകങ്ങളായിരുന്നു.

1978 മുതൽ 1984 വരെയുള്ള കാലത്ത് സുരേന്ദ്ര മോഹൻ രാജ്യസഭാംഗമായിരുന്നു. മുമ്പ് ഖാദി-ഗ്രാമ വ്യവസായ കമ്മീഷന്റെ ചെയർമാനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസമനുഷ്ഠിച്ച സുരേന്ദ്ര മോഹൻ മൊറാർജി ദേശായിയുടെ മന്ത്രിസഭയിൽ ചേരാനുള്ള ക്ഷണം തിരസ്കരിക്കുകയാണുണ്ടായത്. 1989 ൽ ജനതാദളം രൂപംകൊണ്ടപ്പോഴും സുരേന്ദ്ര മോഹന്റെ പ്രവർത്തനമെല്ലാം പിന്നണിയിലായിരുന്നു. അഴിമതികളുടേതായ ഈ യുഗത്തിൽ സുരേന്ദ്ര മോഹനെപ്പോലെയുള്ള ഒരാൾ രാഷ്ട്രീയത്തിന്റെ ഉന്നത തലങ്ങളിൽ വിഹരിച്ചിരുന്നുവെന്നു പറഞ്ഞാൽ ഒരാൾക്ക് വിശ്വസിക്കാൻ വിഷമം തോന്നും.

സുരേന്ദ്ര മോഹന്റെ ശവസംസ്കാരച്ചടങ്ങിൽ കേന്ദ്രമന്ത്രി ജയപാൽ റെഡ്ഡി, മുൻ കേന്ദ്രമന്ത്രി രാംവിലാസ് പാസ്വാൻ, സാമൂഹ്യപ്രവർത്തകനായ സ്വാമി അഗ്നിവേശ്, പത്രപ്രവർത്തകനായ കുൽദീപ് നയ്യാർ തുടങ്ങിയവർ സംബന്ധിച്ചിരുന്നു. അവസാനത്തെ ഗാന്ധിയൻ സോഷ്യലിസ്റ്റ് എന്നാണ് ജയപാൽ റെഡ്ഡി സുരേന്ദ്ര മോഹനെ വിശേഷിപ്പിച്ചത്. ഒരു യുഗാവസാനം എന്നാണ് ബീഹാർ മുഖ്യമന്ത്രി നിധീശ് കുമാർ പറഞ്ഞത്.

അംബാലയിൽ ജനിച്ച സുരേന്ദ്ര മോഹൻ സ്കൂൾ ടീച്ചർ, കോളേജ് ലെക്ച്ചറർ, ട്രേഡ് യുണിയൻ പ്രവർത്തകൻ, പരിസ്ഥിതി പ്രവർത്തകർ രാഷ്ട്രീയ ചിന്തകൻ മനുഷ്യാവകാശ പ്രവർത്തകൻ, പാർലിമെന്റേറിയൻ തുടങ്ങിയ നാനാ മണ്ഡലങ്ങളിൽ സ്വന്തം വ്യകതിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ❑



# വിക്കി ലീക്സും അജ്ഞാത ഗൂഢസംഘവും

**അ**നോണിമസ് എന്ന അജ്ഞാത ഗൂഢസംഘം, നേതാവില്ലാത്തൊരു അരാജകത്വ സംഘമാണ്. ഏത് കമ്പ്യൂട്ടർ ശൃംഖലയിലും കയറിപ്പറ്റി അതിനെ നാനാവിധമാക്കാൻ അനോണിമസ്സിന്ന് കരുത്തുണ്ട്. വിക്കിലീക്സ് എന്ന സംഘടനക്കുള്ള ധനാഗമ മാർഗ്ഗങ്ങൾ ഛേദിച്ചു കളഞ്ഞതിന്നുള്ള പകപോക്കാനായി ഇവർ മാസ്റ്റർ കാർഡ്, വിസ, പേപാൾ എന്നിവയെയെല്ലാം താൽക്കാലികമായെങ്കിലും തകർത്തുകളയുകയുണ്ടായി.

എന്നാൽ ബ്രിട്ടീഷ് പത്രമായ "ഗാർഡിയൻ" അനോണിമസ്സിന്നൊരു നേതൃത്വ സംവിധാനം രൂപംകൊള്ളുന്നതായി കണ്ടെത്തി. കമ്പ്യൂട്ടറുകളിൽ കയറിപ്പറ്റുന്നതിൽ അതിവിദഗ്ധരായ ഒരു ഡസനോളം പേരാണ് ഈ ഗൂഢസംഘത്തിലുള്ളത്. ഇവർ വെബ്സൈറ്റുകളിൽ സംഘടിതമായി കടന്നാക്രമണം നടത്തുകയാണ് ചെയ്യുന്നത്. ഇവർക്ക് പൊളിക്കാനാകാത്ത വെബ് സൈറ്റില്ലെന്നുതന്നെ പറയാം.

അനോണിമസ്സിനെ നയിക്കുന്ന ഗൂഢസംഘംതന്നെയാണ് അമേരിക്കയിലെ ഗോക്കർ വെബ്സൈറ്റുകളെ തകർത്തതും. ഇതു സംബന്ധിച്ച രേഖകൾ "ഗാർഡിയ"ന്നു കണ്ടെത്താൻ കഴിഞ്ഞു. ഗോക്കർ വെബ്സൈറ്റുകൾ ഉപയോഗിക്കുന്ന 13 ലക്ഷം പേരുടെ മേൽവിലാസങ്ങളും പാസ് വേർഡുകളും പുറത്തു വന്നിട്ടുണ്ട്.

ഡിസംബർ ആദ്യവാരത്തിൽ അനോണിമസ് സംഘടിതമായി ഒരു പേബാക്ക് ഓപ്പറേഷൻ സംഘടിപ്പിച്ചു. അമേരിക്കൻ ഗവർമ്മേണ്ടിന്റെ സമ്മർദ്ദത്തിന്ന് വിധേയമായി വിസ, മാസ്റ്റർകാർഡ്, പേപാൽ എന്നിവ വിക്കിലീക്സിന്നുള്ള വരുമാനമാർഗ്ഗങ്ങൾ ഛേദിച്ചിരുന്നു. അതിനുള്ള പ്രതികാരമായി മാസ്റ്റർ കാർഡ്, പേവാൾ എന്നിവയുടെ വെബ്സൈറ്റുകൾ ഇവർ തകർത്തു.

അനോണിമസ്സിലുള്ളവരെല്ലാം ചെറുപ്പക്കാരാണ്. ക്രിസ്മസ് അവധിക്ക് കോളേജുകളും മറ്റും അടക്കുന്നതോടെ ഇവരുടെ പരാക്രമങ്ങൾ വർധിക്കുമെന്നാണ് പലരും കരുതുന്നത്. അനോണിമസ്സിലെ അംഗങ്ങളിൽ പലരും "ഗാർഡിയനു"മായി ബന്ധപ്പെടുകയുണ്ടായി. തങ്ങൾ എങ്ങനെ പ്രവർത്തനം നടത്തുന്നുവെന്ന് അവർ വിശദീകരിച്ചതിന്നു പുറമെ അവരുടെ പ്രവർത്തനത്തിന്റെ പ്രേരക ശക്തിക്ക് കൂടുതൽ പ്രസിദ്ധീകരണം നൽകണമെന്നും അവർ ആവശ്യപ്പെട്ടു.

പലരും സ്വന്തം നിലക്ക് പേരും വിവരും നൽകാൻ തയ്യാറായെങ്കിലും അതൊന്നും പ്രസിദ്ധീകരിക്കരുതെന്ന് അവർ ശഠിക്കുന്നു. പേർ വിവരങ്ങൾ വെളിപ്പെടുത്തുന്നത് സംഘടനക്കകത്ത് പ്രശ്നം സൃഷ്ടിക്കുമെന്നാണവർ ഭയപ്പെടുന്നത്.

ക്ഷണിക്കപ്പെട്ടവർ മാത്രം പങ്കെടുക്കുന്ന ഒരു യോഗത്തിൽ വച്ചാണ് സംഘടനാ കാര്യങ്ങൾ തീരുമാനിക്കുന്നത്. ആളുകളുടെ സുരക്ഷിതത്വത്തിന്നു വേണ്ടിയാണ് ഈ രഹസ്യാത്മകത. ഒരാൾ വിശ്വസ്തനാണെന്ന് സംഘടനക്ക് ബോധ്യം വന്നാൽ അയാളും ക്ഷണിക്കപ്പെട്ടു തുടങ്ങും. സംഘടനക്ക് പ്രമാണി വർഗ്ഗവുമായി ബന്ധമൊന്നുമില്ല. സംഘടനയിൽ ആയിരത്തോളം അംഗങ്ങളുണ്ടെന്നാണ് വിദഗ്ധന്മാർ പറയുന്നത്. മറ്റുള്ളവരുടെ



വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസംഗെ

വെബ്സൈറ്റുകളിൽ കയറിപ്പറ്റാൻ ഇവരുടെ കമ്പ്യൂട്ടറുകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ബഹുഭൂരിപക്ഷത്തിന്നും – ഏതാണ്ട് 99 ശതമാനത്തിന്നും സംഘടനയുടെ പ്രവർത്തനങ്ങളിൽ സ്വാധീനമൊന്നുമില്ല.

"ഞങ്ങളുടെ പദ്ധതിക്ക് ഒരു നേതൃത്വ ശൃംഖലയൊന്നുമില്ല. ഓരോരുത്തരും ഓരോ ജോലി നിർവ്വഹിക്കുന്നു എന്നേയുള്ളൂ. ഓരോരോ പദ്ധതി വരുമ്പോഴും ആർക്ക് എത്രത്തോളം നേതൃത്വം വേണമെന്നും സംഘടന എങ്ങനെയാകണമെന്നും അപ്പപ്പോൾ തീരുമാനിക്കും" എന്നാണ് സംഘടനയിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള ഒരംഗം പറഞ്ഞത്. "വാസ്തവത്തിൽ തനി അരാജകത്വമാണ് സംഘടനക്കകത്തുള്ളത്. എങ്കിലും ഞങ്ങൾ പരസ്പരം ആശയവിനിമയം നടത്തുന്നു; പരസ്പരം സഹകരിക്കുന്നു" എന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ഇന്റർനെറ്റിലെ ചാറ്റ് ടെക്കനോളജിയാണ് അംഗങ്ങൾ ഉപയോഗപ്പെടുത്തുന്നത്. രഹസ്യമായ ആശയവിനിമയത്തിന്ന് ഇതിൽ സൗകര്യമുണ്ട്.

വിക്കിലീക്സിന്ന് അനോണിമസ്സുമായി ബന്ധമൊന്നുമില്ല. അനോണിമസ് നടത്തിവരുന്ന വേട്ടയെ അവർ പന്താങ്ങുകയോ അധിക്ഷേപിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ വിക്കിലീക്സ് സ്ഥാപകനായ ജൂലിയൻ അസംഗെ തങ്ങളുടെ വെബ്സൈറ്റിനെ അമേരിക്കൻ വിദേശ നയത്തിന്റെ കിങ്കരന്മാരിൽനിന്ന് സംരക്ഷിക്കാൻ ഒരു മാസം മുമ്പ് ആഹ്വാനം നൽകുകയുണ്ടായി. വിക്കിലീക്സിന്നുള്ള ധനാഗമ മാർഗ്ഗങ്ങൾ മുടക്കിയ വിസ, മാസ്റ്റർ കാർഡ് പേപാൾ എന്നിവ ഉദാഹരണമായി ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇതിന്നുശേഷം അല്പം ദിവസത്തിന്നകം സ്വീഡിഷ് പ്രോസിക്യൂട്ടറുടെ വെബ്സൈറ്റ് തകർക്കപ്പെട്ടു. അസംഗക്കെതിരെ ബ്രിട്ടീഷ് കോടതിയിൽ സ്വീഡൻ ചാർജ് ചെയ്ത ബലാത്സംഗക്കേസിന്റെ വിചാരണക്കുമുമ്പുതന്നെ സ്വീഡിഷ് പ്രോസിക്യൂട്ടറുടെ വെബ്സൈറ്റ് അനോണിമസിൽ പെട്ടവർ നശിപ്പിച്ചു കളഞ്ഞു. ❑

# അഴിമതിയിൽ ഇന്ത്യ വൻ ശക്തി

**ബാ**ക്കിയൊന്നിലുമില്ലെങ്കിലും അഴിമതിക്കാര്യത്തിൽ ഇന്ത്യ ഒരു വൻ ശക്തിയാണെന്ന് കഴിഞ്ഞ ഡിസംബർ 18ന്ന് ട്രാൻസ്പാരൻസി ഇന്റർനാഷണൽ പ്രസിദ്ധീകരിച്ച കണക്കുകൾ വ്യക്തമാക്കുന്നു. ലോകരാഷ്ട്രങ്ങളിൽ 178 രാജ്യങ്ങളിൽ മാത്രമേ ട്രാൻസ്പാരൻസിക്ക് സർവ്വേ നടത്താൻ കഴിഞ്ഞുള്ളൂ. അതിൽ പകുതിക്കു തൊട്ടടുത്ത സ്ഥാനമാണ് ഇന്ത്യയുടേത് – 87–ാം സ്ഥാനം. അഴിമതിക്കാര്യത്തിൽ ഇന്ത്യയെ വെല്ലുന്ന ഒരൊറ്റ വൻശക്തിയേ ലോകത്തിലുള്ളൂ – റഷ്യ. റഷ്യൻ പ്രസഡണ്ടായിരുന്ന യൽട്സിൻ റഷ്യയുടെ സമ്പത്താകെ മുതലാളി സുഹൃത്തുക്കൾക്ക് തുറന്നിട്ടു കൊടുത്തിട്ടാണ് ഇറങ്ങിപ്പോയത്. പിന്നീട് വന്ന പുട്ടിൻ അഴിമതിക്കൊരു നിയന്ത്രണമേർപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും ഒന്നും ഫലിച്ചില്ലെന്നാണ് കാണുന്നത്. അതുപോലെ ഇന്ത്യയിലും മൻമോഹൻസിങ് കോടീശ്വരന്മാരെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതിയിൽ നമുക്കതു കാണാം.

ട്രാൻസ്പാർസി ഇന്റർനാഷനൽ അഴിമതി കണക്കാക്കുന്നത് തലതിരിഞ്ഞ മട്ടിലാണ്. അഴിമതിയുടെ നിറകുടത്തിന് 0 മാർക്ക്. തീരെ അഴിമതിയില്ലാത്ത രാജ്യത്തിന് 10 മാർക്ക്. ട്രാൻസ്പാരൻസിയുടെ സർവ്വേ പ്രകാരം തീരെ അഴിമതിയില്ലാത്ത രാജ്യമില്ല. അഴിമതി ഏറ്റവും കുറവ് ഡെന്മാർക്ക്, ന്യൂസിലാൻഡ്, സിങ്കപ്പൂർ, എന്നീ മൂന്നു രാജ്യങ്ങളിലാണ്. ഇവയ്ക്ക് മൂന്നിനും 9.3 മാർക്ക് വീതം കിട്ടിയിട്ടുണ്ട്. കനഡക്ക് 8.9 മാർക്ക്; ആസ്ട്രേലിയക്കും സ്വിറ്റ്സർലന്റിനും 8.7 മാർക്ക് വീതം കിട്ടിയിട്ടുണ്ട്. അങ്ങനെ അഴിമതി കൂടും തോറും മാർക്ക് കുറയും. ഇവരേക്കാളെല്ലാം അഴിമതിയുള്ള ബ്രിട്ടന് 7.6 മാർക്കും അമേരിക്കക്ക് 7.1 മാർക്കുമാണുള്ളത്.

എന്നാൽ അഴിമതി വളരെ കൂടിയ ഇന്ത്യക്ക് 3.3 മാർക്കേയുള്ളൂ. 178 രാജ്യങ്ങളിൽ 87–ാം സ്ഥാനത്താണ് ഇന്ത്യ. ശ്രീലങ്ക, അർജന്റീന (2.9) ബംഗ്ലാദേശം (2.4), പാക്കിസ്ഥാൻ(2.3), നീപ്പാൾ(2.2), എന്നിവിടങ്ങളിലെല്ലാം ഇന്ത്യയിലേതിനേക്കാൾ അഴിമതി കൂടുതലുണ്ടെങ്കിലും വൻ ശക്തികളിൽ റഷ്യ(2.1) ഒഴിച്ച് ഒന്നിലും ഇന്ത്യയിലേതിനേക്കാൾ അഴിമതിയില്ല. ഏറ്റവുമധികം അഴിമതിയുള്ള രാജ്യം സോമാനിയ(1.1) യാണ് – 178 സ്ഥാനത്ത്.

ലോകരക്ഷാസമിതിയിൽ സ്ഥിരാംഗത്വം നേടാനും ചന്ദ്രനിലേക്ക് റോക്കറ്റ് വിക്ഷേപിക്കാനുമെല്ലാമുള്ള ശ്രമത്തിൽ ഇന്ത്യ വിജയിച്ചില്ലെങ്കിൽതന്നെ, ലോകത്തിൽ ഏറ്റവുമധികം അഴിമതിയുള്ള രാജ്യം എന്ന "മഹനീയമായ" പദവിയിലേക്ക് ഇന്ത്യക്ക് എത്തിച്ചേരാൻ സകല സാധ്യതയും കാണുന്നുണ്ട്. കാരണം ഇക്കൊല്ലത്തെ അഴിമതി കണക്കെടുക്കുന്ന അവസരത്തിൽ കോമൺവെൽത്ത് ഗെയിംസ്, 2ജി സ്പെക്ട്രം, ആദർശ ബംഗ്ലാവ് തുടങ്ങിയ അഴിമതികളൊന്നും പുറത്തുവന്നിരുന്നില്ല. ഇവയെല്ലാം കണക്കിൽ പെടുത്തിയാൽ ഇന്ത്യക്ക് 178–ാം സ്ഥാനം തന്നെ കിട്ടിക്കൂടായ്കയില്ല– ഒരു ഭാരതരത്നം അവാർഡിന്ന് സാധ്യതയുണ്ടെന്നർത്ഥം. ❑

# നടന്നാൽ മോക്ഷം കിട്ടും, തീർച്ച

**- മീന മേനോൻ -**

പറയുന്നതുപോലെത്തന്നെ പ്രവർത്തിക്കുകയും ചെയ്യുന്ന ആളാണ് വിദ്യാധര ദത്തേ. അദ്ദേഹം നടക്കാൻ ഇഷ്ടപ്പെടുന്നുവെന്നു മാത്രമല്ല, അദ്ദേഹത്തിന്ന് കാറുമില്ല. പദയാത്രക്കാർക്കുവേണ്ടിയും പബ്ലിക് ട്രാൻസ്പോർട്ടിന്നു വേണ്ടിയും വിട്ടുവീഴ്ചയില്ലാതെ വാദിക്കുന്ന ആളാണദ്ദേഹം. "കാലാവസ്ഥാ വ്യതിയാന യുഗത്തിലെ ട്രാഫിക്" എന്നൊരു കൃതിതന്നെ അദ്ദേഹം തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മുംബായിലെ ടൈംസ് ഓഫ് ഇന്ത്യയിലെ ഒരു ജർണലിസ്റ്റാണ് ദത്തെ. നടത്തത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അപൂർവ്വം ചിലരിലൊരാളാണ് അദ്ദേഹം. ഗവർമ്മേണ്ടിന്റെ നയം മോട്ടാർ വാഹനങ്ങളെ കേന്ദ്രീകരിച്ചതാകരുതെന്നും നേരെ മറിച്ച് ജനകേന്ദ്രീകൃതമാകണമെന്നും അദ്ദേഹം പറയുന്നു. മുംബായിലെ പദയാത്രക്കാരുടെസ്ഥിതിയെ പത്തൊമ്പതാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായിരുന്നതിനോട് താരതമ്യപ്പെടുത്താമെന്നാണ് ദത്തേ പറയുന്നത്. ജീവിതത്തിന്റെ ലളിതമായ സന്തോഷത്തെ മോട്ടോർ കാർ നശിപ്പിച്ചു കളഞ്ഞു. മോട്ടാർ കാർ ജീവിതത്തെയാകെ യന്ത്രവൽകൃതമാക്കിയിരിക്കുന്നു.

അതുമാത്രമല്ല പ്രശ്നം. പാവങ്ങളുടേയും അവരുടെ ഗതാഗതത്തിന്റെയും അവകാശംകൂടി ഇതിൽ ഉൾപ്പെടുന്നുണ്ട്. ട്രാൻസ്പോർട്ട് സംബന്ധിച്ച ഒരു പുസ്തകം മുഷിപ്പനായിരിക്കും. എന്നാൽ കുറച്ചു കാലം മുമ്പ് റിട്ടയർ ചെയ്തശേഷം ദത്തേ നടത്തത്തിന്റെ അജ്ഞാതമായ, താൽപര്യജനകമായ വശങ്ങളെക്കുറിച്ച് ഗവേഷണത്തിൽ വ്യാപൃതനായി. അങ്ങനെ തയ്യാറാക്കിയ 366 പേജുള്ള പുസ്തകത്തിൽ ട്രാൻസ്പോർട്ടിന്റെ രാഷ്ട്രീയവും കാർ ലോബിയുടെ തന്ത്രങ്ങളുമെല്ലാം പ്രതിപാദിച്ചിട്ടുണ്ട്.

ഗതിവേഗത്തിന്നു വേണ്ട ലളിതമായ ഒരു ഉപകരണം മാത്രമല്ല കാർ. ഗവർമ്മേണ്ടുകളും ബഹുരാഷ്ട്ര കമ്പനികളും ട്രാൻസ്പോർട്ട് കമ്പനികളും തമ്മിൽ പ്രബലമായൊരു രാഷ്ട്രീയ കെട്ടുപാടുണ്ട്. ഇന്ത്യയിൽ ഇതിനെപ്പറ്റി ആരും എഴുതിയിട്ടില്ല. ഇന്ത്യയിൽ സഞ്ജയ് ഗാന്ധിയെപ്പോലെയുള്ള നേതാക്കൾ മുതൽക്കുള്ള ആഢ്യവർഗ്ഗം മുഴുവൻ കാറുകളാൽ വശീകരിക്കപ്പെട്ടിരിക്കുകയാണ്. ഒരു ഭാഗത്ത് സമ്പന്ന വർഗ്ഗത്തിന്റെ അത്യുഗ്രമായ ഗതിവേഗം; ആ ഗതിവേഗത്തെ നിരന്തരം പ്രകീർത്തിക്കൽ; മറുഭാഗത്ത് തല്ലിപ്പൊളികളായ ബസ്സുകളിൽ പാവങ്ങളുടെ തിക്കിത്തിരക്കിയുള്ള യാത്ര; കുണ്ടും കുഴിയും നിറഞ്ഞ റോഡുകൾ. ഫുട്പാത്ത് എന്ന ഒരേർപ്പാട് തന്നെ ഇല്ലാത്ത അവസ്ഥ.

ക്രിക്കറ്റിലെ ഇതിഹാസ പുരുഷനായ സച്ചിൻ ടെൻഡുൽക്കർ ക്ക്വേണ്ടി ദത്തേ ഒരു അധ്യായം മുഴുവനും നീക്കിവച്ചിട്ടുണ്ട്. ടെൻഡുൽക്കറെ മഹാമോശമായൊരു മാതൃകയായിട്ടാണ് ദത്തേ അവതരിപ്പിക്കുന്നത്. ഗതിവേഗമേറിയ കാറുകളുടെ അവതാരകനാണ് ടെൻഡുൽക്കർ. അദ്ദേഹം ഗതിവേഗമേറിയ ഒരു കാർ സ്വയം ഓടിക്കുന്നു. ആഢ്യവർഗ്ഗം എപ്പോഴും സ്വന്തം ഗതിവേഗത്തെപ്പറ്റി ചിന്തിച്ചുകൊണ്ടേയിരിക്കുന്നുവെന്നതിന്റെ മാതൃകയാണ് ടെൻഡുൽക്കർ. അതേസമയം ഗതിവേഗകാര്യത്തിൽ പാവങ്ങൾ എപ്പോഴും അവഗണിക്കപ്പെടുന്നു. മൊത്തത്തിൽ പറഞ്ഞാൽ ജീവിതത്തിന്റെ ഗുണമേന്മയെ നിങ്ങൾ അപചയപ്പെടുത്തുന്നു. ഇത് ഗതിവേഗത്തിന്റെ മാത്രം പ്രശ്നമല്ല. ടെൻഡുൽക്കറിന്റെ വീടിന്നു തൊട്ടടുത്താണ് പ്രസിദ്ധമായ മൗണ്ട് മേരി പള്ളി. അവിടെ ഒരു വാർഷിക മേള നടക്കുന്നുണ്ട്. മേളകൾക്ക് സാധാരണയായി വമ്പിച്ച ജനക്കൂട്ടമെത്തും എന്നാൽ അവിടെ ഒരു ഫുട്പാത്ത് പോലുമില്ല. യന്ത്രവൽക്കരണ മാതൃകയിൽ പദയാത്രക്കാർക്ക് സ്ഥലം അനുവദിക്കാൻ ഒരു ബാധ്യതയുമില്ല. കാറുകളില്ലാത്തവരോട് അധികൃതർക്ക് കൂടുതൽ ബാധ്യതയുണ്ടാകേണ്ടതാണ്. എന്നാൽ മേളയുടെ പ്ലാനിങ്ങിൽ അതു കാണുന്നില്ല.



വിദ്യാധര ദത്തേ

പണ്ട് തെരുവുകൾ സാമൂഹ്യ സമ്പർക്കമേഖലയായിരുന്നു. കാറുകൾമൂലം തെരുവുകൾക്ക് ആ പദവി നഷ്ടപ്പെട്ടിരിക്കുന്നു. സാധാരണയായി നമ്മൾ തെരുവുകളിൽ ആളുകളെ കണ്ടുമുട്ടുന്നു. അല്പം സംസാരിക്കുന്നു. വ്യാപാര സ്ഥാപനങ്ങളിൽനിന്ന് വാങ്ങാനുള്ളതു വാങ്ങുന്നു; വിൽക്കാനുള്ളത് വിൽക്കുന്നു. ഇന്ന് അതല്ല സ്ഥിതി. റോഡിലിറങ്ങുന്നവരെ നാം ഒരു ശല്യമായി കാണുന്നു. തെരുവുകൾ ജനങ്ങൾക്ക്കൂടി അവകാശപ്പെട്ടതാണെന്ന വസ്തുത നാം മറക്കുന്നു. ആളുകൾ കാറുകൾക്ക് വഴിമാറിക്കൊടുക്കണമെന്ന ഒരു ധാരണ എങ്ങനെയോ പരന്നിട്ടുണ്ട്. മനശാസ്ത്രപരമായി നാം മസ്തിഷ്ക്ക പ്രക്ഷാളനം ചെയ്യപ്പെട്ടിരിക്കുന്നു. കാറാണ് കാര്യമെന്ന് എല്ലാവരും കരുതുന്നു. മോട്ടാർ കാർ ലോബി നിരന്തരം ഇത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

മുംബായിൽ ഇപ്പോൾ ഒട്ടേറെ ആകാശ നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്. അതായത്, നടക്കാനുള്ള സ്ഥലം തെരുവുകൾക്ക് മുകളിലാക്കുന്നുവെന്നർത്ഥം. ഇത് ആളുകളെ തമ്മിൽ കൂടുതൽ അകറ്റുകയേയുള്ളൂവെന്ന് ദത്തേ താക്കീത് നൽകുന്നു. കാരണം പരസ്പര സമ്പർക്കം ഇല്ലാതാകും; സാമൂഹ്യമണ്ഡലം നിങ്ങൾക്ക് കൈമോശം വരും. നടത്തം എന്നതിന്ന് അനേകം വശങ്ങളുണ്ട്. ടാഗോർ മുതൽ ഗോഡാർട്ട് വരെയുള്ളവർ നടത്തത്തിന്റെ മേന്മയെക്കുറിച്ച് ഓരോന്നു പറഞ്ഞുവച്ചിട്ടുണ്ട്. അമേരിക്കയിൽ നാട്ടിൻപുറങ്ങളിലേക്ക് നഗരങ്ങൾ പടർന്നു പിടിക്കാനിടയാക്കിയത് ദത്തേ ഓർമ്മിപ്പിക്കുന്നു. ഭൂവിനിയോഗത്തിന്ന് ശരിയായ പ്ലാനിങ്ങില്ലാതിരുന്നതിന്റെ ഫലമാണത്.

അമേരിക്കയിൽ 1988-89 ൽ ബസ് പോലെയുള്ള പബ്ലിക് ട്രാൻസ്പോർട്ടിന്ന് ചെലവാക്കിയതിന്റെ ആറിരട്ടി പണം ഹൈവേകൾക്കുവേണ്ടി ചെലവാക്കുകയുണ്ടായെന്ന് ദത്തേ ഓർമ്മിപ്പിക്കുന്നു. ലോകത്തിലെ ജനസംഖ്യയിൽ അഞ്ചു ശതമാനമേ അമേരിക്കയിലുള്ളൂ. എന്നാൽ ലോകം ഉപയോഗിക്കുന്ന പെട്രോളിൽ 43 ശതമാനവും അമേരിക്കയാണ് ഉപയോഗിക്കുന്നത് എന്ന് ദത്തേ അനുസ്മരിപ്പിക്കുന്നു.

സ്കൂളിലേക്ക് നടക്കുക എന്നൊരു പദ്ധതി ബ്രിട്ടനിൽ ആരംഭിച്ചിട്ടുണ്ടെന്ന് ദത്തേ ഓർമ്മിപ്പിക്കുന്നു. പല രാജ്യങ്ങളിലും ചില മേഖലകളിൽ കാറുകൾക്ക് പ്രവേശനം നിഷേധിക്കുന്നുണ്ട്. ജനങ്ങളുടേതായ പൊതു സ്ഥലങ്ങൾ വീണ്ടെടുക്കാൻ ലോകത്തിലെല്ലായിടത്തും ശ്രമം നടന്നുവരുന്നു. നടത്തം ജനങ്ങളെ അധികാരികളാക്കുന്നു. കൊളമ്പൊ പോലെയുള്ള ഒരു നഗരത്തിൽ പോലും റോഡിലിറങ്ങാതെ ഫുട്പാത്ത് വഴി നിങ്ങൾക്ക് നാഴികകളോളം സഞ്ച

രിക്കാൻ കഴിയും. ശ്രീലങ്ക പോലുള്ള ചെറിയൊരു രാജ്യത്തിന് അങ്ങനെ സംവിധാനമുണ്ടാക്കാൻ കഴിയുമെങ്കിൽ, എന്തുകൊണ്ട് നമുക്കായിക്കൂടാ എന്നാണ് ദത്തേ ചോദിക്കുന്നത്. മുംബായിൽ മാഹിമിൽ സിറ്റി ലൈറ്റ് സിനിമക്കടുത്ത് പദയാത്രക്കാരും കൊണ്ടുനടന്നു വിൽക്കുന്നവരും ഒന്നിച്ചു കഴിയുന്നു. അവിടെ വീതിയേറിയ ഫുട്പാത്തുകളുണ്ട്. പണ്ടത്തെപ്പോലെ ഇന്നും ജനങ്ങളവിടെ മുട്ടിയുരുമ്മി ജീവിക്കുന്നു.

നിർമ്മാണ വ്യവസായികൾ പോലും പദയാത്രക്കാരെ കണക്കിലെടുക്കുന്നില്ല. പൊതു സ്ഥലം കയ്യടക്കുന്നതിലെ ഏറ്റവും വലിയ കുറ്റക്കാർ മാലുകളാണ്. യൂറോപ്പിൽ സൈക്ലിങ് പ്രസ്ഥാനം പ്രചരിച്ചുവരുന്നുണ്ട്. ജനങ്ങളും ഇടതുപക്ഷ കക്ഷികളും പബ്ലിക് ട്രാൻസ്പോർട്ടിനുവേണ്ടി നിലകൊള്ളുന്നു. എന്നാൽ ഇന്ത്യയിൽ ഇതൊന്നും കാണാനേയില്ല.

നടക്കാനുള്ള അവകാശം അടിസ്ഥാനപരമായ മനുഷ്യാവകാശമായി കാണണമെന്ന് തത്വചിന്തകനായ തിയോഡോർ അഡോർക്കോ പറയുന്നു. കാലാവസ്ഥാവ്യതിയാന യുഗത്തിലെ ഗതാഗതം എന്ന ദത്തേയുടെ കൃതി പൊതു സ്ഥലങ്ങൾ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നതോടൊപ്പം അതൊരു അടിസ്ഥാനപരമായ മനുഷ്യാവകാശമായും കാണുന്നു. മരങ്ങളെ തടഞ്ഞ് കാടുകാണാൻ കഴിയാത്തവരാണ് ഇന്ത്യയിലെ നഗരാസൂത്രണാധികാരികൾ. അവരുടെ ഹ്രസ്വ വീക്ഷണത്തിന്നുള്ള ഒരു കുറ്റപത്രംകൂടിയാണ് ഈ കൃതി. ❏

# ഒരു സാൽവ ജൂഡും ജഡ്ജി

**ഛ**ത്തീസ്ഗഡിൽ സാൽവജൂഡും (സമാധാനസേന) എന്ന പേരിൽ പ്രസിദ്ധമായ ഒരു ഗുണ്ടാസേനയുണ്ട്. ഗ്രാമങ്ങളിൽനിന്ന് ജനങ്ങളെ തല്ലിയോടിച്ച് ഏതെങ്കിലും ക്യാമ്പിൽ കയറ്റുക എന്നതാണിവരുടെ മുഖ്യ ജോലി. മാവോയിസ്റ്റുകളെ സഹായിക്കുന്നത് ഗ്രാമീണരാണെന്നും, ഗ്രാമീണരെതല്ലിയോടിച്ചാൽ മാവോയിസ്റ്റ് ശല്യം തീരുമെന്നുമാണ് ഇവരുടെ കണക്കുകൂട്ടൽ.

ഇപ്പോഴിതാ ചത്തീസ്ഗഡിൽ സാൽവജൂഡും കോടതികളും പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഈ ഡിസംബർ 24-ാം തിയ്യതി റായിപ്പൂരിലെ സെഷൻസ് കോടതി പ്രസിദ്ധ മനുഷ്യാവകാശ പ്രവർത്തകനും മെഡിക്കൽ ഡോക്ടറുമായ വിനായക് സെന്നിനെ ജീവപര്യന്തം തടവിന്ന് ശിക്ഷിച്ചിരിക്കുന്നു. രണ്ടുകൊല്ലം നീണ്ടുനിന്ന വിചാരണക്കു ശേഷമാണ് വർമ്മ എന്ന ജഡ്ജി വിധി പ്രസ്താവിച്ചിരിക്കുന്നത്. രാജ്യദ്രോഹകുറ്റമാണ് ഇദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിരിക്കുന്നത്. ഇദ്ദേഹത്തോടൊപ്പം പീയൂഷ് ഗുഹ, നാരായൺ സന്യാൽ എന്നിവരും ഇതേകുറ്റത്തിന്ന് ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

രാജ്യദ്രോഹത്തിന്നു പുറമെ ഭരണകൂടത്തിന്നെതിരായി ഗൂഡാലോചന നടത്തിയെന്ന കുറ്റവും ഇവരിൽ ആരോപിതമായിട്ടുണ്ട്. ഛത്തീസ്ഗഡ്, പോലീസിന്ന് കോടതിയിൽ ഹാജരാക്കാൻ കഴിഞ്ഞ തെളിവ് ഉള്ളിത്തൊലി സമാനം ലോലമാണ്.

ഇത്ര ഗുരുതരമായ ഒരു കേസല്ലായിരുന്നെങ്കിൽ, പോലീസിന്റെ തെളിവ് പൊട്ടിച്ചിരിക്കാൻ വക നൽകും. ഡോ. സെന്നിന്റെ ഭാര്യ ഇലീന ദൽഹിയിലെ ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിട്യൂട്ടിന്ന് ഒരു കത്തയച്ചിരുന്നു. ഈ സ്ഥാപനത്തിന്റെ പേരിന്റെ ആദ്യാക്ഷരങ്ങൾ എടുത്താൽ ഐ.എസ്. ഐ. എന്നു കിട്ടും. ഛത്തീസ്ഗഡ് പോലീസിന്റെ അഭിപ്രായത്തിൽ ഇലീന കത്തയച്ചത് പാക് സൈനിക രഹസ്യാന്വാഷണ ➡ വിഭാഗമായ ഐ.എസ്.ഐ. ക്കാണ്. പാക് രഹസ്യാന്വേഷണ സംഘടനയായ ഐ.എസ്.ഐ.യുമായി ബന്ധപ്പെട്ടാൽ, അത് രാജ്യദ്രോഹത്തിന്നാകാനേ നിവൃത്തിയുള്ളൂ എന്നാണ് ചത്തീസ്ഗഡിലെ മണ്ടന്മാരായ പോലീസുകാരുടെ നിഗമനം. മഹാനായ റായ്പൂർ ജഡ്ജിക്കും അതിൽ സംശയമില്ല.

കഴിഞ്ഞില്ല, പോലീസിന്ന് പിടികിട്ടിയ ഒരു ഇ-മെയിലിൽ വാഷിങ്ടണിലെ വൈറ്റ് ഹൗസിലുള്ള ചിമ്പാൻസിയെപ്പറ്റി പരാമർശമുണ്ട്. ഭീകരന്മാർ ഉപയോഗിക്കുന്ന കോഡ് ഭാഷയിലെ ഒരു പ്രയോഗമാണിതെന്നതിൽ പോലീസിന്നും മഹാനായ ന്യായാധിപന്നും സംശയമൊന്നുമില്ല.

നിരോധിക്കപ്പെട്ട മാവോയിസ്റ്റ് പാർട്ടിയെ ഇന്ത്യക്കെതിരെ യുദ്ധം ചെയ്യാൻ ഡോ. വിനായക് സെൻ സഹായിച്ചുവെന്നതാണ് ഡോ. സെന്നിന്നെതിരായ മറ്റൊരു കേസ്. മാവോയിസ്റ്റുകളുടെ നേതാവെന്ന് അവകാശപ്പെട്ടുകൊണ്ട് 2006ൽ തന്നെ ഛത്തീസ്ഗഡ് പോലീസ് സന്യാലിനെ അറസ്റ്റ് ചെയ്തിരുന്നു. വൃദ്ധനും രോഗിയുമായ സന്യാലിന്റെ ചികിത്സക്കായി ഡോ. സെന്നിന്ന് പലതവണ ജയിൽ ആസ്പത്രിയിൽ പോകേണ്ടിവന്നിട്ടുണ്ട്. കൂടെ പോലീസുകാരും ഉണ്ടാകും. എങ്കിലും ഈ സന്ദർശനങ്ങളെല്ലാം ഗൂഢാലോചനയുടെ ഭാഗമായിരുന്നുവെന്നാണ് പോലീസ് പറയുന്നത്. അങ്ങനെയെല്ലാം ഏച്ചുകെട്ടിയുണ്ടാക്കിയ ഒരു കേസിലാണ് ഡോ. സെന്നിന്ന് ഇപ്പോൾ ജീവപര്യന്തം തടവുശിക്ഷ വിധിച്ചിരിക്കുന്നത്. ഒരു കാര്യം സമാധാനിക്കാം. ആരേയും കൊല്ലാൻ മടിക്കാത്തവരാണ് സാൽവജൂഡും. കോടതിയിൽ ഹാജരാക്കി കേസ് നടത്തുന്നതിന്നു പകരം ഡോ. സെന്നിനെ ജൂഡൂമിന്റെ കൈകളിൽ ഏൽപ്പിച്ചിരുന്നുവെങ്കിൽ, ഇതിന്നകം ഡോ. സെന്നിന്റെ കഥ കഴിക്കുമായിരുന്നു. അങ്ങനെയൊന്നും സംഭവിക്കാതിരുന്നതിന്ന് നാം സാൽവ ജൂഡും വർഗ്ഗത്തിൽ പെട്ട ജഡ്ജിയോട് നന്ദി പറയണം. ജൂഡും ജഡ്ജി എന്തു വിധിച്ചാലും അതിന്നപ്പുറം അപ്പീൽ നൽകാൻ വ്യവസ്ഥയുണ്ടെന്നത് ഒരു സമാധാനമാണ്. അതിന്ന് എത്രകാലം കാത്തിരിക്കേണ്ടിവരുമെന്ന് അറിയില്ല. ❏



ഡോ. വിനായക് സെന്നിനെ കോടതിയിൽ ഹാജരാക്കാൻ കൊണ്ടുവരുന്നു

# റുവാണ്ടയിൽ സകലർക്കും മെഡിക്കൽ ഇൻഷുറൻസ്!

**- ഡൊണാൾഡ് മാക്നീൽ -**

റുവാണ്ടയിലെ മയാംഗെ ജില്ലാ ആരോഗ്യ കേന്ദ്രത്തിലെ പ്രസവ വാർഡിൽ വിശേഷിച്ചൊന്നുമില്ല. ശുദ്ധ ജലം നൽകുന്ന പൈപ്പില്ല; പ്രസവമുറി എന്നു പറയുന്നത് രണ്ടു ബഞ്ച് കൂട്ടിയിട്ടതുപോലെയുള്ള ഒരു കട്ടിൽ മാത്രമാണ്. ചുമരിന്മേലെ നീലച്ചായത്തിന് അധികം പഴക്കമില്ല. പ്രസവമുറിയിലെ കട്ടിലുകൾക്കെല്ലാം കൊതുവലയുണ്ട്.

കട്ടിലുകളിലൊന്നിൽ മൂന്നുതലമുറക്കാർ വിശ്രമിക്കുന്നു. 53 വയസ്സുള്ള റേച്ചൽ; മകൾ ചാന്തൽ; അവരുടെ പേരിട്ടിട്ടില്ലാത്ത നവജാത ശിശു. കട്ടിലിലെ മൺതറയിലല്ലാതെ ക്ലിനിക്കിൽ ജനിക്കാൻ ഭാഗ്യമുണ്ടായ രാജകുമാരനാണ് ആ ശിശു. എന്നാൽ മെഡിക്കൽ ഇൻഷുറൻസിന്റെ സംരക്ഷണം ലഭിച്ച ആദ്യത്തെ ആളല്ല ആ ശിശു; അവന്റെ അമ്മക്കും മുത്തശ്ശിക്കും ഇൻഷുറൻസുണ്ട്. അതുകൊണ്ടാണ് അവന്ന് ക്ലിനിക്കിൽ ജനിക്കാൻ ഭാഗ്യമുണ്ടായത്.

റുവാണ്ടയിൽ എല്ലാവർക്കും മെഡിക്കൽ ഇൻഷുറൻസ് ഏർപ്പെടുത്തിയത് പതിനൊന്നു കൊല്ലം മുമ്പാണ്. ജനങ്ങളിൽ 92 ശതമാനത്തിന്നും മെഡിക്കൽ ഇൻഷുറൻസിന്റെ സംരക്ഷണം ലഭിക്കുന്നുണ്ട്. അതിന്നു നൽകേണ്ട പ്രീമിയം കൊല്ലത്തിൽ രണ്ടു ഡോളറാണ്.

തലസ്ഥാനമായ കിഗാളിയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന "ന്യൂ ടൈംസി"ന്റെ മുഖപ്രസംഗമെഴുത്തുകാരനായ സണ്ണി എന്റയോബക്ക് ഇതിലടങ്ങിയിരിക്കുന്ന വൈരുധ്യത്തെക്കുറിച്ച് നല്ലബോധമുണ്ട്. ലോകത്തിലെ ഏറ്റവും ദരിദ്രമായ രാജ്യങ്ങളിലൊന്നായ റുവാണ്ട ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യം ഇൻഷുർ ചെയ്യുന്നതിനേക്കാളേറെ ജനങ്ങളെ ഇൻഷുർ ചെയ്തിരിക്കുന്നു!

സണ്ണി കഴിഞ്ഞ കൊല്ലം റുവാണ്ടയിലെത്തിയ ഒരു അമേരിക്കൻ വിദ്യാർത്ഥിനിയെ കണ്ടുമുട്ടി. വർത്തമാനം പറഞ്ഞു വന്നപ്പോൾ പത്രാധിപരമായ തനിക്ക് മെഡിക്കൽ ഇൻഷുറൻസുണ്ടെന്നും, വിദ്യാർത്ഥിനിക്ക് ഒരു സംരക്ഷണവുമില്ലെന്നും മനസ്സിലാക്കി. ഇത് തനി അസംബന്ധമാണ്. ആ കുട്ടിക്ക് വല്ല അസുഖവും പിടിപെട്ടാൽ അവരുടെ മാതാപിതാക്കൾക്ക് ദീപാളി കുളിക്കേണ്ടിവരും.

റുവാണ്ടയിലെ മെഡിക്കൽ ഇൻഷുറൻസ് കൊട്ടിഘോഷിക്കാവുന്ന തരത്തിൽ പെട്ടതൊന്നുമല്ല. ആദ്യം പറഞ്ഞ പ്രസവാസ്പത്രിയുടെ നിലവാരം മാത്രമേ മറ്റുള്ള ഇൻഷുറൻസുകൾക്കുമുള്ളൂ. പക്ഷെ സാധാരണ രോഗങ്ങളെല്ലാം ഈ ഇൻഷുറൻസിന്റെ പരിധിയിൽ വരും. വയറിളക്കം, ന്യൂമോണിയ, മലമ്പനി, പോഷകാഹാരക്കുറവ്, പരിക്കുകൾ സെപ്റ്റിക്കാകൽ എന്നിവയാണ് റുവാണ്ടയിലെ മരണകാരണങ്ങളിൽ മുഖ്യം. ഇതെല്ലാം ഇൻഷുറൻസിന്റെ പരിധിയിൽ വരും.

ലോകാരോഗ്യ സംഘടന അവശ്യ ഔഷധങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളവയെല്ലാം റുവാണ്ടയിലെ ഹെൽത്ത് സെന്ററുകളിൽ സംഭരിക്കുന്നുണ്ട്. കമ്പനി മരുന്നുകളല്ല; ജനറിക് മരുന്നുകൾ. അതുപോലെ എല്ലാ ഹെൽത്ത് സെന്ററിലും ലാബറട്ടറിയുമുണ്ട്. രക്തം, മൂത്രം എന്നിവ പരിശോധിക്കുക, മലമ്പനി, ക്ഷയരോഗം എന്നിവ കണ്ടെത്തുക എന്നീ സാധാരണ ഏർപ്പാടുകൾ മാത്രമേ ഈ ലാബറട്ടറികളിൽ നടത്തൂ.

ഹെൽത്ത് സെന്ററുകളിൽ നഴ്സുമാരുണ്ടാകും; പ്രസവം നഴ്സുമാരുടെ മേൽനോട്ടത്തിലായിരിക്കും. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ഡോക്ടറെ വരുത്തും. അതല്ലെങ്കിൽ ആംബുലൻസിൽ ജില്ലാ ആസ്പത്രിയിൽ എത്തിക്കും. പതിനൊന്നു കൊല്ലം മുമ്പാണ് ആരോഗ്യ ഇൻഷുറൻസ് ആരംഭിച്ചത്. അന്ന് ജനങ്ങളുടെ ആയുർദൈർഘ്യം 48 കൊല്ലം മാത്രമായിരുന്നു. ഇന്ന് അത് 52 കൊല്ലമായി ഉയർന്നിട്ടുണ്ട്. ശിശു മരണവും മലമ്പനിമൂലമുള്ള മരണവും വളരെ കുറഞ്ഞു.

അമേരിക്കയിൽ സർവ്വസാധാരണമായ MRI സ്കാനിങ്, ഡയാലിസിസ് തുടങ്ങിയവയൊന്നും ഇവിടെ ഇൻഷുറൻസിന്റെ പരിധിയിൽ പെടില്ല. ക്യാൻസർ, മസ്തിഷ്ക രോഗം, ഹൃദ്രോഗം എന്നിവയ്ക്കൊന്നും ഇവിടെ ചികിത്സയുമില്ല. 97 ലക്ഷം ജനസംഖ്യയുള്ള റുവാണ്ടയിൽ ആകെ ഒരൊറ്റ ന്യൂറോ സർജൻ മാത്രമേയുള്ളൂ; ഹൃദ്രോഗചികിത്സാവിഗദ്ധന്മാർ തൊട്ടെണ്ണം മൂന്നു വരും. അതേസമയം 80 ലക്ഷം മാത്രം ജനസംഖ്യയുള്ള ന്യൂയോർക്ക് നഗരത്തിൽ ഈയിടെ ന്യൂറോ സർജന്മാർക്കായി നടത്തിയ ഒരു സോഫ്റ്റ് ബോൾ ടൂർണമെന്റിൽ നഗരത്തിലെ വിവിധ ആസ്പത്രികളിൽ പണിയെടുക്കുന്നവരുടെ അഞ്ചു ടീമുകൾ പങ്കെടുത്തു.

1962 ൽ സ്വാതന്ത്ര്യം നേടിയ റുവാണ്ട ഭീകരമായ ദുരന്തങ്ങളിലൂടെ കടന്നുപോന്ന ഒരു രാജ്യമാണ്. കേരളത്തിന്റെ വിസ്തീർണംപോലുമില്ലാത്ത ഈ മധ്യാഫ്രിക്കൻ രാജ്യത്തിന്ന് ആയിരം കുന്നുകളുടെ രാജ്യമെന്ന ഓമനപ്പേർ കൂടിയുണ്ട്. അതായത് രാജ്യം നിറയെ കുന്നുകളാണ്. കാപ്പി, പരുത്തി, മരച്ചീനി, മധുരക്കിഴങ്ങ് തുടങ്ങിയവയാണ് കാർഷിക വിളകൾ, വ്യവസായശാലകൾ ഇല്ലെന്നുതന്നെ പറയാം. ജനങ്ങളിൽ 80 ശതമാനവും ഹൂട്ടു വർഗ്ഗക്കാരാണ്. എന്നാൽ ബാക്കിയുള്ള ടുട്സി ഗോത്രവർഗ്ഗക്കാരാണ് എല്ലാ രംഗത്തും മേധാവിത്വം വഹിക്കുന്നത്. ഈ രണ്ടു വർഗ്ഗക്കാർ തമ്മിൽ നടക്കുന്ന കലാപങ്ങളിൽ ആയിരക്കണക്കിന്നാളുകൾ കൊല്ലപ്പെടാറുണ്ട്. ഇതിന്നൊരറുതി വരുത്തുകയും ശരിയായൊരു ഭരണസംവിധാനം നിലവിൽ വരികയും ചെയ്തിട്ട് പതിനഞ്ചുകൊല്ലമേ ആയിട്ടുള്ളൂ.

ഈ ഇൻഷുറൻസ് പദ്ധതിപ്രകാരം അത്യാവശ്യ ശസ്ത്രക്രിയകൾ നടത്താറുണ്ട്. പക്ഷെ അതിന്നു മാസങ്ങളോളം കാത്തിരിക്കേണ്ടിവന്നുവെന്നുവരും. അമേരിക്ക, ക്യൂബ, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ശസ്ത്രക്രിയാവിദഗ്ധന്മാർ ഇടക്കെല്ലാം എത്തും. ഭാഗ്യവാന്മാരായ ചിലർക്ക് അവരുടെ സേവനം ലഭിക്കും. അപൂർവ്വമായി ചില രോഗികൾക്ക് കെനിയയിലോ ദക്ഷിണാഫ്രിക്കയിലോ ഇന്ത്യയിലോ പോയി ശസ്ത്രക്രിയ നടത്താനുള്ള പണം ആരോഗ്യ വകുപ്പ് നൽകും.

കാര്യം ഇത്ര കർക്കശമാണെങ്കിൽ, കൊല്ലത്തിൽ രണ്ടു ഡോളറിന്ന് എങ്ങനെയാണ് മെഡിക്കൽ ഇൻഷുറൻസ് നൽകുന്നത്? സാധ്യമല്ല എന്നുതന്നെയാണ് ഉത്തരം. പുറമെനിന്നുള്ള സഹായം കൂടിയേ തീരൂ. അമേരിക്കയിലെ ബോസ്റ്റണിലുള്ള ഒരു സന്നദ്ധ സംഘടന റുവാണ്ടയിൽ രണ്ടു ഗ്രാമീണ ആസ്പത്രികളും ചില ഹെൽത്ത് സെന്ററുകളും സ്ഥാപിച്ചു നടത്തിവരുന്നുണ്ട്. രോഗിയൊന്നിന്ന് ഒരു കൊല്ലത്തിൽ 28 ഡോളർ

തങ്ങൾക്ക് ചെലവു വരുന്നുണ്ടെന്ന് അവർ പറയുന്നു. സ്പെഷലിസ്റ്റ് ചികിത്സയൊന്നുമില്ലെങ്കിലും സർക്കാരിന് ആളൊന്നുക്ക് കൊല്ലത്തിൽ 10 മുതൽ 20 ഡോളർ വരെ ചെലവു വരുന്നുണ്ടാകണം.

ഈയിടെ നടത്തിയ ഒരു സർവ്വേയിൽ റുവാണ്ട ആരോഗ്യാവശ്യത്തിന് കൊല്ലത്തിൽ മുപ്പതുകോടി ഡോളർ ചെലവാക്കുന്നുണ്ടെന്നു കാണുകയുണ്ടായി. ഇതിൽ 53 ശതമാനവും വിദേശ സംഭാവനയാണ്. ഇതിൽ പ്രധാനം അമേരിക്ക തന്നെ എയ്ഡ്സ്-ക്ഷയം-മലമ്പനി എന്നിവക്കെതിരായ പോരാട്ടത്തിന്നുള്ള ആഗോള സംഘടന, ദരിദ്രരിൽ ദരിദ്രരായ എട്ടുലക്ഷം റുവാണ്ടക്കാരുടെ പ്രീമിയം അടക്കുന്നുണ്ട്. ദരിദ്ര കർഷകരുടേതായ ഒരു രാജ്യത്ത് ദരിദ്രരിൽ ദരിദ്രരായവരെ കണ്ടെത്തുന്നതെങ്ങനെയാണ്? ഗ്രാമസഭക്കാണ് അതിന്റെ ചുമതല. ഗ്രാമസഭ സമ്മേളിച്ച് ഒരു വീട് പുല്ലുമേഞ്ഞതാണോ ടിൻഷീറ്റ് മേഞ്ഞതാണോ എന്നു നോക്കും. എത്ര ഭൂമിയുണ്ട്, എത്ര ആടുണ്ട്, എത്ര സൈക്കിളുണ്ട് എന്നൊക്കെ കണക്കാക്കിയാണ് ദാരിദ്ര്യത്തിന്റെ ഏറ്റക്കുറച്ചിൽ നിശ്ചയിക്കുക. ആളുകൾക്ക് അവരുടെ അയൽക്കാരെപ്പറ്റി അറിയാം. അതിനാൽ തെറ്റുപറ്റുകയില്ല.

ജനങ്ങളെ സ്വാശ്രിതരാക്കുകയും അങ്ങനെ അവസാനം സമ്പദ്സമൃദ്ധിയിലെത്തിക്കുകയും ചെയ്യുക എന്നതാണ് പ്രസിഡണ്ട് കശാമെയുടെ ലക്ഷ്യം. അതിന്നാണ് എല്ലാവരെക്കൊണ്ടും ഇൻഷുറൻസിന്ന് പണം നൽകാൻ നിർബ്ബന്ധിക്കുന്നത്. സകലവിധ ചീത്തപ്പേരും സമ്പാദിച്ചിരുന്ന റുവാണ്ട ഇന്ന് "ആഫ്രിക്കയിലെ സിങ്കപ്പൂർ" എന്നാണറിയപ്പെടുന്നത്. വൃത്തിയുള്ള തെരുവുകൾ; കുറ്റകൃത്യങ്ങൾ അത്യപൂർവ്വം; എല്ലാവരും മാസത്തിലൊരു ദിവസം സാമൂഹ്യസേവനത്തിന്നിറങ്ങണം; സ്വകാര്യ ബിസിനസ്സിനെ പ്രോത്സാഹിപ്പിക്കുന്നു; അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ നിർദ്ദയം ശിക്ഷിക്കുന്നു; 1994 ൽ 50,000 പേരുടെ കൂട്ടക്കൊലക്കിടയാക്കിയ വംശീയ കലാപം ആവർത്തിക്കാതിരിക്കാൻ പരസ്പര വൈരാഗ്യമുളവാക്കുന്ന എന്തെങ്കിലും പറയാൻ അദ്ദേഹം ആരേയും അനുവദിക്കില്ല.

ജനങ്ങളിൽ ഏതാണ്ടെല്ലാവരും കർഷകരാകയാൽ, ജനങ്ങൾക്കിടയിൽ നടക്കുന്നതിലധികവും സാധനകൈമാറ്റ കച്ചവടമാണ്. അതുകൊണ്ട് ഇൻഷുറൻസിന്നുള്ള രണ്ടു ഡോളർ കണ്ടെത്തുക വിഷമമാണ്. ഗവർമ്മേണ്ട് പണം മാത്രമേ സ്വീകരിക്കൂ എന്നതുകൊണ്ട് പല പാവങ്ങളും പാരമ്പര്യ വൈദ്യന്മാരെ കാണുന്നു. ഇവർ പ്രതിഫലമായി ആടിനേയും കോഴിയേയും മറ്റും സ്വീകരിക്കും. ഇതുകാരണം റുവാണ്ടയിലെ ക്ലിനിക്കുകൾക്ക് ഒരു നിലവാരമില്ല. ചിലത് മോശമാണെങ്കിൽ ചിലത് ഭേദപ്പെട്ടതാണ്. നമ്മൾ ആദ്യം പറഞ്ഞ മയാംഗെ ക്ലിനിക്കിന്ന് ആക്സ്സ് പ്രോജക്ട് എന്നൊരു പദ്ധതിയിൽനിന്ന് സംഭാവനയും മാർഗ്ഗദർശനവും ലഭിക്കുന്നുണ്ട്. കൊളംബിയ പ്രൊഫസറായിരുന്ന ജോഷ് റക്സിൻ സ്ഥാപിച്ച സ്ഥാപനമാണിത്.

റുവാണ്ടയിലെ ഏറ്റവും സമ്പന്നനായ മനുഷ്യനും ഏറ്റവും ദരിദ്രനായ മനുഷ്യനും ആരോഗ്യ ഇൻഷുറൻസിന്ന് രണ്ടു ഡോളർ കൊടുത്താൽ മതി. ജനങ്ങൾ ദാരിദ്ര്യംകൊണ്ട് മരിക്കാതിരിക്കണമെങ്കിൽ ജനങ്ങൾ സംഘടിതമായി പ്രവർത്തിക്കേണ്ടതുണ്ട്. ❑

# നീര റാഡിയ ടേപ്പുകളും പ്രധാനമന്ത്രി മൻമോഹൻ സിങ്ങും

**ചി**ല പ്രമുഖ വ്യവസായികളുടെ ഏജന്റായ നീര റാഡിയ വിവിധ മന്ത്രിമാരായും രാഷ്ട്രീയക്കാരായും പത്രക്കാരായുമെല്ലാം നടത്തിയ ടെലിഫോൺ സംഭാഷണങ്ങളുടെ ടേപ്പുകൾ പുറത്തുവിട്ടത് ആരാണ്? ഏതാണ്ട് 500 മണിക്കൂർ നേരം നീണ്ടുനിന്ന സംഭാഷണങ്ങളുടെ ടേപ്പുകൾ ആദായനികുതി വകുപ്പുകാരുടെ കയ്യിലുണ്ടെന്നാണ് ശ്രുതി. അതിൽ പതിനഞ്ചു മിനിട്ട് നേരത്തെ സംഭാഷണങ്ങൾ മാത്രമേ പത്രക്കാരുടെ കയ്യിലെത്തിയിട്ടുള്ളൂ. ഇതുമാത്രം പുറത്തു വിട്ടതിന്റെ ഉദ്ദേശമെന്താണ്?

മുൻ ടെലികമ്യൂണിക്കേഷൻ മന്ത്രി അരുൺ ശൗരി പറയുന്നത് ശരിയാണെങ്കിൽ, ഇതിന്റെ പിന്നിലെല്ലാം പ്രവർത്തിച്ച ചില കരങ്ങളുണ്ട്. ഈ സ്പെക്ട്രം അഴിമതി രണ്ടുകൊല്ലം മുമ്പുതന്നെ പ്രധാനമന്ത്രി മനസ്സിലാക്കിയിരുന്നുവെന്ന് ശൗരി പറയുന്നു. കേസിൽ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും കുടുങ്ങുമെന്നു വന്നപ്പോൾ അതിൽനിന്ന് ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാൻ പറ്റിച്ച പണിയാണിതെന്ന് ശൗരി കരുതുന്നു.

2001 മുതൽക്കുള്ള ഇടപാടുകൾ അന്വേഷിക്കാൻ ഗവർമ്മേണ്ടിപ്പോൾ തീരുമാനിച്ചിട്ടുണ്ട്. അതിലൊരു തെറ്റുമില്ലെന്ന് അക്കാലത്തെ ടെലികമ്യൂണിക്കേഷൻ മന്ത്രിയായിരുന്ന ശൗരി പറയുന്നു. പക്ഷെ പണ്ടത്തെ കേസ് അന്വേഷിക്കുന്നുവെന്ന നാട്യത്തിൽ എ. രാജക്കെതിരായ കേസ് നീട്ടിക്കൊണ്ടുപോകരുതെന്ന് ശൗരി പറയുന്നു. വാജപേയിയുടെ നേതൃത്വത്തിലുണ്ടായിരുന്ന എൻ.ഡി.എ. ഗവർമ്മേണ്ടിലാണ് ശൗരി ടെലികമ്യൂണിക്കേഷൻ മന്ത്രിയായിരുന്നത്. അതിനെപ്പറ്റി അന്വേഷിക്കുന്നതിൽ ഒരു വിരോധവുമില്ലെന്നും പക്ഷെ എല്ലാംകൂടി കൂട്ടിപ്പിടിച്ച് കുളമാക്കാൻ സമ്മതിക്കില്ലെന്നും അദ്ദേഹം മുന്നറിയിപ്പു നൽകുന്നു. താൻ മന്ത്രിയായിരുന്ന കാലത്ത് തെറ്റെന്തെങ്കിലും ചെയ്തിട്ടുള്ളതായി സംശയമുണ്ടെങ്കിൽ അതിന്ന് പ്രത്യേക കേസ് ചാർജ് ചെയ്യാമെന്നും, ആ പേരും പറഞ്ഞ് രാജയുടെ കേസ് നീട്ടിക്കൊണ്ടുപോകാൻ അനുവദിക്കില്ലെന്നും അദ്ദേഹം താക്കീത് നൽകി.

മന്ത്രി രാജ കാണിക്കുന്ന വിക്രമങ്ങളെക്കുറിച്ചെല്ലാം പ്രധാനമന്ത്രിക്കറിയാമായിരുന്നു. അദ്ദേഹം രണ്ടുകൊല്ലക്കാലം ചുമ്മാ കയ്യുംകെട്ടിയിരുന്നു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ നിശിതമായ വിമർശനം പുറത്തുവരികയും പ്രധാനമന്ത്രി തന്നെ കുടുങ്ങുമെന്ന സ്ഥിതി വരികയും ചെയ്തപ്പോഴാണ്, അതിൽ നിന്നെല്ലാം ഒരു കഷ്ണം മാത്രം പുറത്തു വിട്ടതെന്നും ശൗരി കരുതുന്നു.

കേസാകെ രാജയുടെ തലയിൽ കെട്ടിവയ്ക്കുകയാണ് ഇതിന്റെ ഉദ്ദേശം. അതിലൊരു പരിധിവരെ ഗവർമ്മേണ്ട് വിജയിച്ചതായും ശൗരി പറയുന്നു.

ആദ്യം വന്നവർക്ക് ആദ്യം നൽകുക എന്ന നയം തന്റെ മുൻഗാമികൾ ആവർത്തിച്ചതാണെന്നും, താനും അത്രയേ ചെയ്തിട്ടുള്ളൂവെന്നും രാജ പറയുന്നത് ശുദ്ധ ഭോഷ്ക്കാണെന്ന് ശൗരി വാദിക്കുന്നു. ഒന്നാമത് നിലവിലുള്ള അപേക്ഷകളെല്ലാം രാജ പരിഗണിച്ചിട്ടില്ല. സ്പെക്ട്രത്തിന്ന് അപേക്ഷി



മുൻ മന്ത്രി അരുൺ ഷൂരിയും മുൻ ചീഫ് വിജിലൻസ് കമ്മീഷണർ എൻ. വിത്തലും

ക്കാനുള്ള തിയ്യതിയായി ആദ്യം നിശ്ചയിച്ചത് 2007 ഒക്ടോബർ 1 ആയിരുന്നു. എന്നാൽ പെട്ടെന്നത് 2007 സെപ്തംബർ 25 ആക്കി മാറ്റി. യോഗ്യരായ അപേക്ഷകരോട് 45 മിനിട്ടിനകം 1651 കോടി രൂപയുടെ ലൈസൻസ് ഫീസ് കെട്ടാനും ആവശ്യപ്പെട്ടു. പത്തോ ഇരുപതോ രൂപയല്ല, 1651 കോടി രൂപ!

പ്രധാനമന്ത്രി, ധനകാര്യമന്ത്രി, നിയമകാര്യമന്ത്രി, ടെലികോം റെഗുലേറ്ററി അഥോറിറ്റി എന്നിവരുടെയെല്ലാം ഉപദേശം ധിക്കരിച്ചുകൊണ്ടായിരുന്നു രാജയുടെ വിക്രമങ്ങൾ എന്നു ശൗരി ചൂണ്ടിക്കാട്ടി. ഗവർമ്മേണ്ടിന്ന് 176 ലക്ഷം കോടി രൂപ നഷ്ടപ്പെട്ടുവെന്ന സാങ്കല്പിക കണക്കിന്റെ പിന്നാലെ പാഞ്ഞു നടക്കരുതെന്ന് ശൗരി പത്രക്കാരെ ഉപദേശിച്ചു. ശൗരിയുടെ കണക്കനുസരിച്ച് ഗവർമ്മേണ്ടിന്നുണ്ടായ നഷ്ടം 30,000 കോടി രൂപയിൽ കവിയില്ല.

******

സത്യസന്ധതക്ക് ബദലായിട്ടൊന്നുമില്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനായാൽതന്നെ അഴിമതി കുറെ കുറയുമെന്ന് മുൻ സെൻട്രൽ വിജിലൻസ് കമ്മീഷണർ എൻ. വിത്തൽ പറഞ്ഞു.

ഇന്ത്യയിലെ ഭരണ സംവിധാനമാകെ അഴിമതി കാണിക്കാൻ പാകത്തിന്ന് രൂപപ്പെടുത്തിയിട്ടുള്ളതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരൊറ്റ മേഖലയിൽ പോലും ആർക്കും ഒന്നിന്നും ഒരു ഉത്തരവാദിത്വവുമില്ല എന്നതാണ് ഇന്ത്യയിലെ സ്ഥിതിയെന്ന് അദ്ദേഹം പറഞ്ഞു. അതിന്നും പുറമെ ഇന്ത്യയിലെ അഴിമതി നിരോധന നിയമപ്രകാരം കൈക്കോഴ വാങ്ങുന്നതേ കുറ്റമാകൂ; കൊടുക്കുന്നത് കുറ്റമല്ല.

അഴിമതിയിലൂടെ സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുമെന്നൊക്കെ പറയാറുണ്ടെങ്കിലും അതിന്നൊരു നിയമവുമില്ലെന്ന് വിത്തൽ ഓർമ്മിപ്പിച്ചു. ഇന്നത്തെ സംവിധാനം മെച്ചപ്പെടണമെങ്കിൽ ന്യായാസനങ്ങൾ, എലക്ഷൻ കമ്മീഷൻ, സെൻട്രൽ വിജിലൻസ് കമ്മീഷൻ കംപ്ട്രോളർ ഓഡിറ്റർ ജനറൽ എന്നീ സ്ഥാപനങ്ങളെയെല്ലാം ശക്തിപ്പെടുത്തണമെന്നല്ല പത്രങ്ങളും നന്നാകേണ്ടതുണ്ടെന്ന് വിത്തൽ പറയുന്നു. ❑



# ഇങ്ങനേയും ഒരു കാലമുണ്ടായിരുന്നു

രാജപാതകളിലൂടെയല്ല, ദുഖത്തിന്റെ കുറെ ഊടുവഴികളിലൂടെയും മലയാള സിനിമ കടന്നുപോയിട്ടുണ്ട്. തിരശ്ശീലയിൽ ചലിക്കുന്ന രൂപങ്ങളെ സംശയ ദൃഷ്ടിയോടെ ആളുകൾ നോക്കിയിരുന്ന കാലത്തു തന്നെ കേരളത്തിലും സിനമ എത്തിയിട്ടുണ്ട്. നിഴലിന്റെ ബാധയിൽ പെട്ട ചില ആളുകൾ സിനിമയെ പിന്തുടർന്നു. ജെ. സി. ഡാനിയൽ അവരുടെ ഗോത്രത്തിൽപെട്ട ഒരാളാണ്. മലയാളത്തിലെ ആദ്യ സിനിമയായ വിഗതകുമാരന്റെ സ്രഷ്ടാവാണദ്ദേഹം. അതുകൊണ്ടു തന്നെ മലയാള സിനിമയുടെ പിതാവും. ഇന്ന് സിനിമയുടെ ലോകം ധനത്തിന്റെയും പകിട്ടിന്റെയും ലോകമാണ്. കേരളത്തിൽ ഏറ്റവും വിലമതിക്കപ്പെടുന്ന ഒരു വിഭാഗം സിനിമാപ്രവർത്തകരാണ്. ഡാനിയലിന്റെ കാലം അങ്ങനെയായിരുന്നില്ലെന്ന് ഇന്നെല്ലാവർക്കുമറിയാം. ദന്ത ചികിത്സയിലൂടെ സാമാന്യം സാമ്പത്തിക സുസ്ഥിരതയിൽ കഴിഞ്ഞിരുന്ന ഡാനിയൽ സിനിമയുടെ വഴിയേ പോയതുകൊണ്ട് ദാരിദ്ര്യ ദുഃഖം ആവുന്നത്ര അനുഭവിച്ചാണ് ഈ ലോകത്തുനിന്നും കടന്നുപോയത്. വിഗതകുമാരൻ എന്ന സിനിമയും അതിലെ നായികയായ റോസിയും കേരളത്തിലെ അന്നത്തെ സദാചാരഭ്രാന്തന്മാരുടെ ആക്രമണത്തിന്നിരയായി, സിനിമയുടെ ആദ്യ പ്രദർശന സമയത്തു തന്നെ അപ്രത്യക്ഷയായ റോസിയെക്കുറിച്ച് പിന്നീടൊന്നും ലോകം അറിഞ്ഞിട്ടില്ല. മുപ്പതുവയസ്സിന്നുള്ളിലാണ് ഡാനിയൽ സിനിമയെടുത്തത്. അന്ന് അതൊരു സാഹസികത തന്നെയാമണ്. പുരാണകഥയെന്ന അക്കാലത്തെ ഇന്ത്യൻ സിനിമയിലെ പതിവു കീഴ്വഴക്കം ലംഘിച്ച് സമകാലിക സാമൂഹികാവസ്ഥയുമായി ബന്ധപ്പെട്ട കഥയാണ് ഡാനിയൽ സിനിമയാക്കിയത്. അദ്ദേഹത്തിന്റെ ഈയൊരു ധീരത ആരും കൊണ്ടാടിയില്ല. മൗനത്തിലും അവഗണനയിലും ആ ജീവിതം അവസാനിച്ചു.



ജെ. സി. ഡാനിയൽ

മിസ് ലാന മടങ്ങിപ്പോയതിനെതുടർന്ന് ഇനി എന്തെന്ന ആലോചനയിൽ മനസ് നീറിയിരിക്കുകയായിരുന്നു ഡാനിയൽ. ഈ അവസരത്തിൽ അദ്ദേഹത്തെ സഹായിക്കാൻ വന്നത് ചിത്രത്തിലെ വില്ലനായി നിശ്ചയിച്ചിട്ടുള്ള ജോൺസൺ ആയിരുന്നു. ചിത്രത്തിൽ അഭിനയിക്കാൻ റോസിയെന്ന ഒരു യുവതി സമ്മതിച്ചിട്ടുണ്ടെന്നും തൈക്കാട് ആശുപത്രിയുടെ കിഴക്കുവശം താമസിക്കുന്ന അവളുടെ പിതാവ് ഒരു ഡ്രൈവറാണെന്നും ജോൺസൺ ഡാനിയലിനോടു പറഞ്ഞു. അന്നു തന്നെ ഇരുവരും റോസിയെത്തേടി



പി.കെ. റോസി

അവരുടെ വീട്ടിൽചെന്നു. ആദ്യമൊന്നും റോസി സമ്മതം നൽകിയില്ല. അഞ്ഞൂറ് രൂപ പ്രതിഫലം നൽകാമെന്ന് അറിയിച്ചിട്ടും റോസിക്ക് സമ്മതം മൂളാൻ വിമുഖതയായിരുന്നു. ഒടുവിൽ വീട്ടുകാരുടെ നിർബന്ധവും വീട്ടിലെ ദാരിദ്ര്യവും ഒരു നടനജീവിതം തുടങ്ങാൻ റോസിയെ സമ്മതിപ്പിച്ചു.

ദളിത് വിഭാഗത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതായിരുന്നു റോസിയുടെ കുടുംബം. ദിവസവും ലൊക്കേഷനിലേക്ക് ഒരു പാത്രത്തിൽ ചോറും കൊണ്ടു പോകുന്ന നായിക നടിയെ ഇന്ന് സങ്കൽപ്പിക്കാൻ കഴിയുമോ? എന്നാൽ റോസി ഒരു കൂലിപ്പണിക്കാരിയെപ്പോലെ ദിവസവും ഷൂട്ടിങ് ലൊക്കേഷനിലേക്ക് നടന്നു പോകുകയായിരുന്നു. ഡാനിയൽ പറഞ്ഞതനുസരിച്ച് ചെയ്യുക മാത്രമേ റോസി ചെയ്തുള്ളൂ. അഭിനയത്തിന്റെ ഹരിശ്രീ അറിയാത്ത ആ സാധു സ്ത്രീ തികച്ചും ലാഘവത്തോടെ അഭിനയിച്ചു.

വാസ്തവത്തിൽ സിനിമാഭിനയം ആ സ്ത്രീയെ തീരാദുരിതത്തിലേക്ക് തള്ളുകയായിരുന്നു. സിനിമ റിലീസായ ദിവസം തന്നെ റോസി തങ്ങളുടെ നാട്ടുകാരിയാണെന്ന് മനസ്സിലാക്കിയ ചിലർ അടങ്ങിയൊതുങ്ങിയിരുന്ന് സിനിമ കാണാൻ തയ്യാറായില്ല. സിനിമയിലഭിനയിക്കാൻ ധൈര്യം കാട്ടിയ റോസിയുടെ ധിക്കാരം സമ്മതിച്ചുകൊടുക്കാൻ തയ്യാറാകാതിരുന്ന അവർ റോസി വെള്ളിത്തിരയിൽ പ്രത്യക്ഷപ്പെട്ടപ്പോഴൊക്കെ ബഹളംവെച്ചു. രണ്ടാം ദിവസം കൂവലും ചീത്തവിളിയുമായി. മൂന്നാം ദിവസം വെള്ളിത്തിരയിലേക്ക് ചെരിപ്പും കല്ലുമെല്ലാമെറിഞ്ഞു. നാലാം ദിവസം കല്ലെറിഞ്ഞപ്പോൾ വെറ്റിത്തിര കീറി. തയ്യറ്ററിലെ പ്രജക്ടർ റൂമിലുണ്ടായിരുന്ന ഡാനിയലിനു നേരെ രോഷപ്രകടനം തിരിയുമെന്ന് ഭയന്ന തിയറ്ററുകാർ അദ്ദേഹത്തെ അടുത്തുള്ള ഒരു വീട്ടിലൊളിപ്പിച്ചു. ഇതോടെ തിരുവനന്തപുരത്തെ പ്രദർശനം അവസാനിച്ചു. പക്ഷേ, ഇതുകൊണ്ട് റോസിയുടെ ദുരിതങ്ങൾ അവസാനിച്ചില്ലെന്ന് മാത്രമല്ല, പുതിയ ഘട്ടത്തിലേക്ക് കടന്നു അത്. തിരുവനന്തപുരത്തെ കുറെ റൗഡികൾ റോസിയുടെ വീട് വളഞ്ഞു. തീ വെയ്ക്കാൻ ശ്രമിച്ചു. ഒടുവിൽ പോലീസ് എത്തിയാണ് അക്രമികളെ പിരിച്ചുവിട്ടത്. പിന്നീട് അവർ കല്ലെറിഞ്ഞു. ഇതോടെ റോസി വീട്ടിൽനിന്ന് പുറത്തിറങ്ങാതായി. പുറത്തുകണ്ടാൽ കൊന്നുകളയുമെന്ന് അവർ ഭീഷണിമുഴക്കി. ഒരു ദിവസം രണ്ടും കൽപ്പിച്ച് അമ്മയുമായി ചാലക്കമ്പോളത്തിൽ റോസി പോയി. തിരിച്ചു വരുമ്പോൾ കുറെ പൂവാലന്മാർ അവരുടെ പിന്നാലെകൂടി ചീത്തവിളിക്കാൻ തുടങ്ങി. അതിലൊരാൾ റോസിയുടെ സാരി പിടിച്ചുവലിച്ച് വസ്ത്രാക്ഷേപം നടത്താൻ പോലും ശ്രമിച്ചു. മറ്റൊരാൾ കാർക്കിച്ച് മുഖത്ത് തുപ്പി. ഒടുവിൽ അടുത്തുള്ള ഒരു വീട്ടിൽ അമ്മയും മകളും അഭയം തേടി. തിരുവനന്തപുരത്തെ ഒരു വിഭാഗം മേലുദ്യോഗസ്ഥരുടെ പിന്തുണയും ഈ റൗഡികൾക്കുണ്ടായിരുന്നു.

ഇവിടംകൊണ്ടൊന്നും റോസിയുടെ ദുരിതങ്ങൾ തീർന്നില്ല. റോസിയുടെ വിവാഹം നടത്താൻ മാതാപിതാക്കൾ നടത്തിയ ശ്രമങ്ങളെല്ലാം പരാജയത്തിൽ കലാശിച്ചു. മൂന്നുപേർ ഇതിനിടെ റോസിയെ പെണ്ണുകാണാൻ വന്നെങ്കിലും പിന്നെ അവരാരും ആ വഴി വന്നില്ല. മാതാപിതാക്കൾ തിരക്കിയപ്പോൾ സിനിമയിലഭിനയിക്കാൻ ധിക്കാരം കാട്ടിയവളെ തനിക്ക് വേണ്ടെന്നായിരുന്നു അവരുടെ മറുപടി. എല്ലാതരത്തിലും ആ വീട്ടുകാർക്ക് സമൂഹം ഭ്രഷ്ട് കല്പിച്ചു. പിന്നീട് ഈ വീടിന് നാട്ടുകാർ പരിപൂർണ്ണ ഉപരോധമേർപ്പെടുത്തി. രണ്ടരവർഷം വീട്ടിൽനിന്നിറങ്ങാൻ കഴിയാതെ റോസി കഴിഞ്ഞുകൂടി. ഒടുവിൽ ഒരു രാത്രി ഒരു ഡ്രൈവറുടെ കൂടെ അവൾ ഒളിച്ചോടി.

മലയാളത്തിലെ ആദ്യ നായികയുടെ കഥയറിഞ്ഞപ്പോൾ പിന്നീട് അവൾക്ക് എന്ത് സംഭവിച്ചുവെന്നറിയാൻ ഒരു അന്വേഷണം ഞാൻ നടത്തി. വിഗതകുമാരി റിലീസ് ചെയ്ത് മൂന്നര പതിറ്റാണ്ട് കഴിഞ്ഞായിരുന്നു എന്റെ അന്വേഷണം. തൈക്കാട് ആശുപത്രിയുടെ കിഴക്കുവശമായിരുന്നു റോസിയുടെ വീടെന്ന് ഡാനിയൽ തന്നെയാണ് എന്നോട് പറഞ്ഞത്. പ്രായം അറുപത് കഴിഞ്ഞവരോടായി എന്റെ അന്വേഷണം. അവരിൽ ഭൂരിപക്ഷവും അവിടെ പുതുതായി താമസിക്കാൻ വന്നവരായിരുന്നു. റോസിയുണ്ടായിരുന്ന കാലത്തെ ഒരാളെ കണ്ടുപിടിക്കാൻ ഒന്നുരണ്ടു ദിവസത്തെ തിരച്ചിലുകൾക്കുശേഷം എനിക്ക് കഴിഞ്ഞു. തദ്ദേശീയനായ അയാളുടെ മുഖം റോസിയുടെ പേർ കേട്ടയുടനെ കറുത്തു. അപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി. റോസിയോടുള്ള വെറുപ്പിന് ഇപ്പോഴും യാതൊരു മാറ്റവുമില്ല. റോസിയുടെ വീട് നിന്നിരുന്ന സ്ഥലം അയാൾ കാട്ടിത്തന്നപ്പോൾ ഞാൻ അങ്ങോട്ടേക്ക് നടന്നു. വീട് നിന്നിരുന്ന സ്ഥലത്തിന്റെ അടുത്തുള്ള ഒരു പഴയ ചെറുവീടിന്റെ മുന്നിൽ ഒരു വൃദ്ധൻ നിന്നിരുന്നു. ഞാൻ ചോദിച്ചു. "റോസിയുടെ വീട് ഇതിനടുത്തായിരുന്നോ?"

"ഏതു റോസി?"

"സിനിമയിലഭിനയിച്ച റോസി."

"ആ പിഴച്ചവളോ?"

വൃദ്ധൻ കൂടുതലൊന്നും പറയാതെ വീടിനകത്തേക്ക് പോയി. പക്ഷെ ഞാൻ അപ്പോഴും അവിടെത്തന്നെ നിന്നു. അപ്പോൾ ഒരു വൃദ്ധ വീട്ടിൽ നിന്നിറങ്ങി വന്നു. വാ നിറയെ മുറുക്കാൻ. ഞാൻ പറഞ്ഞു. "പണ്ട് സിനിമയിലഭിനയിച്ച റോസിയെപ്പറ്റിയറിയാനാ വന്നത്."

"ഫൂ....." വൃദ്ധ വെറുപ്പോടെ നീട്ടിത്തുപ്പി. എന്നിട്ട് എന്നോട് ചോദിച്ചു.

"നിങ്ങളാരാ?"

"ഞാൻ പത്രക്കാരനാ"

"എത്ര പത്രം ഇടുന്നുണ്ട്?"

"പത്ര ഏജന്റല്ല. പത്രത്തിലെഴുതുന്നയാളാ."

"ആ ഒരുമ്പട്ടോളെപ്പറ്റി എന്തെഴുതാനാ"

"ആദ്യത്തെ നടിയല്ലെ ഒരുപാട് ദുരിതം തിന്നിട്ടുണ്ടെന്ന് കേട്ടു. അതേപ്പറ്റി ചോദിക്കാനാ വന്നത്."

"അവള് കാരണം ആ വീട് ദുരിതത്തിലായി താഴേയുള്ളവരുടെ ജീവിതോം തകർന്നു."

"ഇപ്പോൾ അവരൊക്കെ എവിടെയാ?"

"അവടെ ദുസ്വഭാവം കാരണം എല്ലാം വിറ്റ് പെറുക്കി ഇവിടുന്ന് പോയി. നാട്ടുകാര് വെച്ചേക്കില്ലായിരുന്നു. ഇവിടെ താമസിച്ചാ"

"ഇപ്പോൾ എവിടെയാണെന്നറിയാമോ?"

"ആർക്കറിയാം അവള് ഒരു ഡ്രൈവരുടെ കൂടെ ഒളിച്ചോടിപ്പോയി. ഒരു തമിഴനാ. തൃശ്നാപ്പിള്ളീല് ഉണ്ടെന്നാ കേട്ടത്. ചത്തോ ഇല്ലയോ എന്ന് ചെന്ന് തെരക്ക്."

"ബാക്കിയുള്ളോരൊക്കെ?"

"ചത്തൊടിങ്ങിക്കാണും. ആ വൃത്തികെട്ടോൾടെ കാര്യമറിഞ്ഞിട്ട് എന്ത് കിട്ടാനാ"

കോപിച്ച് വൃദ്ധ അകത്തേക്കു പോയി. ഞാൻ മടങ്ങി. മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു ഇത്. മലയാള സിനിമയിലെ ആദ്യ നായികയെ അവർ അത്രയ്ക്ക് വെറുത്തിരുന്നു. (കറന്റ് ബുക്സ് തൃശൂർ പ്രസിദ്ധീകരിക്കുന്ന ജെ. സി. ഡാനിയലിന്റെ ജീവചരിത്രത്തിൽ നിന്ന്) ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-1-2010

# ഖൊഡോർക്കോവ്സ്കിക്ക് 13 കൊല്ലത്തെ തടവുശിക്ഷ

റഷ്യയിലെ യൽട്സിനെ ഓർമ്മയുണ്ടോ? നമ്മുടെ മൻമോഹൻസിങ്ങിനെപ്പോലെ റഷ്യയിൽ ഉദാരവൽക്കരണം നടത്തിയ മഹാത്മാവ് – പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം മുതലാളിമാർക്ക് നൽകി "ജനാധിപത്യം" നടപ്പാക്കിയ മഹാൻ! അക്കൂട്ടത്തിലൊരാളായിരുന്നു ഖൊഡോർക്കോവ്സ്കി. യൽട്സിൻ ഇയാൾക്ക് ഒട്ടേറെ എണ്ണക്കമ്പനികൾ നൽകിയിരുന്നു.


ഖൊഡോർക്കോവ്സ്കി

യൽട്സിന്നുശേഷം പുടിൻ പ്രസിഡണ്ടായപ്പോൾ പല ഖൊഡോർ ക്കോവ്സ്കിമാരേയും പിടികൂടി ജയിലഴികൾക്കകത്താക്കി. അവരിലൊരാൾ തടവിലായിട്ടിപ്പോൾ കൊല്ലം എട്ടായിരിക്കുന്നു. പുതിയൊരു കേസിൽ അയാൾക്ക് മോസ്കോ കോടതി പതിമൂന്നര കൊല്ലത്തെ തടവുകൂടി വിധിച്ചിരിക്കുകയാണിപ്പോൾ. നികുതി വെട്ടിപ്പിന്നുള്ള ശിക്ഷയാണ് അയാളിപ്പോൾ അനുഭവിച്ചുവരുന്നത്. സ്റ്റാലിൻ യുഗത്തിൽ ഏർപ്പെടുത്തിയിരുന്ന സൈബീരിയൻ ലേബർ ക്യാമ്പുകളിലൊന്നിൽ അയാളിപ്പോൾ എല്ലുമുറിയും വണ്ണം പണിയെടുത്തുവരുന്നു.

യൽട്സിന്റെ വാഴ്ചക്കാലത്ത് 2700 കോടി ഡോളറിന്റെ എണ്ണ ഇയാൾ മോഷ്ടിച്ചു വിറ്റുവെന്ന കേസിലാണിപ്പോൾ പതിമൂന്നര കൊല്ലത്തെ തടവുശിക്ഷ വിധിച്ചിരിക്കുന്നത്. രണ്ടു ശിക്ഷയും ഒന്നിച്ചനുഭവിച്ചാൽ മതിയെന്നതിനാൽ ഇനി അഞ്ചുകൊല്ലം കൂടി ലേബർ ക്യാമ്പിൽ പണിയെടുത്താൽ മതിയാകും.

2000 മുതൽ 2008 വരെ റഷ്യൻ പ്രസിഡണ്ടായിരുന്ന പുടിനായിരുന്നു ഈ കേസിന്റ നടത്തിപ്പിന്റെ പിന്നിലെന്നാണ് കരുതപ്പെടുന്നത്. റഷ്യയിലെ പുത്തൻ പണക്കാരെ നിലക്കുനിർത്തുക എന്നതായിരുന്നു ഖൊഡോർക്കോവ്സ്കിക്കെതിരായ ഒന്നാമത്തെ കേസിന്റെ ഉദ്ദേശമെന്ന് പറയപ്പെടുന്നു. 2012ലെ പ്രസിഡണ്ട് തിരഞ്ഞെടുപ്പു കഴിയുന്നതുവരെ ഖൊഡോർക്കോവ്സ്കിയെ അകത്തിട്ടു പൂട്ടണമെന്നു പുടിന്നു താല്പര്യമുണ്ടെന്നു കരുതപ്പെടുന്നു.

ഇന്ത്യയിലൊരു പുടിൻ ഉണ്ടായാൽ എത്ര ഖൊഡോർക്കോവ്സ്കിമാർ ജയിലഴികൾക്കകത്താകുമായിരുന്നു! ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.